# TRICHUR ARCHDIOCESAN BULLETIN

**AUGUST 2014**



80

1934-2014

TRICHUR ARCHDIOCESAN
# Bulletin

പുസ്തകം : 81
2014 ആഗസ്റ്റ്
ലക്കം : 8

## ഈ ലക്കത്തിൽ


❖ ഇടയലേഖനം
വിശ്വാസ പരിശീലനം 3
❖ സർക്കുലർ -ജസ്റ്റിസ് സണ്ടെ 13
❖ കച്ചേരികാര്യം 17
❖ അതിരൂപതാദ്ധ്യക്ഷന്റെ
പരിപാടികൾ -ആഗസ്റ്റ് 27
❖ നാളാഗമം 28
❖ നാമകരണ നടപടികൾ 30
❖ സാമ്പത്തിക കാര്യാലയം 31
❖ വൈദികർ 36
❖ സന്യസ്തർ 41
❖ സ്ഥാപനങ്ങൾ 45
❖ സാന്ത്വനം 59
❖ സംഘടനകൾ 69


*Imprimatur*
(Sd)

**Mar Andrews Thazhath**
Archbishop of Trichur

***Chief Editor***

**Fr. Francis Aloor**

***Executive Editor***

**Fr. Dominic Thalakkoden**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

1253/ 2014
24-06-2014 P-2

# ഇടയലേഖനം

ആൻഡ്രൂസ് താഴത്ത്

## വിശ്വാസപരിശീലനം

ഈശോയിൽ വന്ദ്യവൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ, മതാധ്യാപകരേ, വിശ്വാസപരിശീലനം സ്വീകരിക്കുന്ന വത്സലമക്കളേ,

1. "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16: 15-16). സ്വർഗാരോഹണത്തിനുമുമ്പ്, ഈശോ അപ്പസ്തോലന്മാരെ ഭരമേൽപ്പിച്ച പ്രേഷിതദൗത്യം, ഈശോയുടെതന്നെ ജീവിതദൗത്യമാണ്. ഇത് സഭയിലൂടെ ഇന്നും നിർവ്വഹിക്കപ്പെടുന്ന പരമപ്രധാനമായ വേദിയാണല്ലോ വിശ്വാസപരിശീലനം അഥവാ മതബോധനം. അതിനാൽ ഇത് സഭയിലെ ശുശ്രൂഷകളിൽ ദൈവാരാധന കഴിഞ്ഞാൽ സുപ്രധാനമായ ശുശ്രൂഷയാണ്. ദൈവാരാധനയെ (ആരാധനക്രമം) സംബന്ധിച്ച് ഇതിനു മുമ്പ് ഞാനെഴുതിയ ഇടയലേഖനത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തിയതാണല്ലോ.

തന്റെ പരസ്യജീവിതം ആരംഭിക്കുമ്പോൾ ഈശോ അരുൾചെയ്ത വാക്കുകൾ സുവിശേഷകൻമാരായ മർക്കോസും ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). അഭിഷിക്തനായ ഈശോ ദൈവപിതാവിന്റെ സുവിശേഷമാണ്. മിശിഹാ തന്നെയാണ്

സുവിശേഷം; അവിടുന്ന് തന്നെയാണ് സുവിശേഷത്തിന്റെ പ്രഥമ വക്താവും (Evangelii Nuntiandi, No. 7).

**2.** ദൈവരാജ്യം സംസ്ഥാപിക്കുക എന്നതായിരുന്നു മിശിഹായുടെ ജീവിതലക്ഷ്യം. ദൈവപിതാവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ജീവിക്കുന്ന സാന്നിദ്ധ്യമാണ് ദൈവരാജ്യം. ഈ സാന്നിദ്ധ്യം രക്ഷാകരവുമാണ്. തന്റെ ജനനം, ജീവിതം, പീഢാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവവഴി ദൈവപിതാവിന്റെ രക്ഷാകരസാന്നിദ്ധ്യം ഈ ലോകത്തിന് നൽകി മനുഷ്യരെ രക്ഷയിലേക്ക് ഈശോ നയിച്ചു. ഈശോയുടെ രക്ഷാകരപദ്ധതിയിലുടെ മനുഷ്യവർഗത്തെ മുഴുവനും ദൈവത്തിലേക്ക്, ദൈവരാജ്യത്തിലേക്ക്, തിരികെ കൊണ്ടുവന്നു.

പ്രവാചകനും പുരോഹിതനും രാജാവുമായ മിശിഹാ സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം തുടർന്നുകൊണ്ടു പോകുന്നത് അടിസ്ഥാനപരമായി മൂന്നു ശുശ്രൂഷകളിലൂടെയാണ്: പ്രവാചകശുശ്രൂഷ, പുരോഹിതശുശ്രൂഷ, രാജകീയ ശുശ്രൂഷ.

വിശ്വാസപരിശീലനം പ്രവാചകശുശ്രൂഷയുടെ ഭാഗമാണ്. പ്രവാചകശുശ്രൂഷക്ക് മൂന്ന് തലങ്ങളുണ്ട്. ഒന്നാമത്തെ തലമായ വിശ്വാസപ്രഘോഷണം വഴി ശ്രോതാക്കളിൽ വിശ്വാസം ജനിപ്പിക്കുകയും ഉണർത്തുകയും ചെയ്യുന്നു. ഈ തലത്തെ സഭ വിശേഷിപ്പിക്കുന്നത് സുവിശേഷവത്കരണം എന്നാണ്. രണ്ടാമത്തെ തലമാണ് വിശ്വാസപരിശീലനം അഥവാ മതബോധനം. ഈ തലത്തിലൂടെ, വിശ്വാസം ജനിപ്പിക്കുകയും ഉണർത്തുകയും ചെയ്യപ്പെട്ട ശ്രോതാക്കളെ വിശ്വാസത്തിന്റെ പക്വതയിലേക്ക് നയിക്കാൻ കഴിയുന്നു. മൂന്നാമത്തെ തലം വിശ്വാസ വ്യാഖ്യാനമാണ്. അതായത് ശ്രോതാക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്താനും ഉറപ്പിക്കാനും നിലനിറുത്താനും ഉപകരിക്കുന്ന ദൈവശാസ്ത്രപരമായ പ്രബോധനത്തിന്റെ അഥവാ തിയോളജി പഠനത്തിന്റെ തലം.

സുവിശേഷം അറിയിക്കുവാനുള്ള സഭയുടെ ധർമ്മം നിറവേറ്റപ്പെടുന്നത് സഭാമക്കളിലൂടെയാണ്. മാമ്മോദീസയും തൈലാഭിഷേകവുംവഴി ഓരോ വിശ്വാസിക്കും ഈ ദൗത്യം നല്കപ്പെടുന്നു. അതിനാൽ, ക്രിസ്തുവിനെ കണ്ടുമുട്ടിയ ഓരോ വിശ്വാസിയുടെയും ദൗത്യമാണ് ഈശോയുടെ സുവിശേഷം പ്രഘോഷിക്കുക എന്ന

തും, സുവിശേഷമായ ഈശോയ്ക്ക് ജീവിതത്തിലൂടെ സാക്ഷിയാവുക എന്നതും. പൗലോസ് ശ്ലീഹ ബോധ്യപ്പെടുത്തുന്നതുപോലെ "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി.9:16).

വിശ്വാസപരിശീലനരംഗം സുവിശേഷംതന്നെയായ ഈശോയെ പരിചയപ്പെടുത്തുകയും മക്കളെ ഈശോയിലേക്ക് അടുപ്പിക്കുകയും ഈശോയെ സ്നേഹിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്ന സുവിശേഷപ്രഘോഷണമാണ്. അതിനാൽ ഫ്രാൻസിസ് പാപ്പ ഒരു വിശ്വാസപരിശീലകന്റെ (മതബോധകന്റെ) ദൗത്യത്തെക്കുറിച്ച് തന്റെ അപ്പസ്തോലിക ലേഖനമായ 'സുവിശേഷത്തിന്റെ സന്തോഷത്തിൽ' പറയുന്നതിപ്രകാരമാണ്: 'മതബോധകന്റെ നാവിൻതുമ്പിൽ നിന്ന് വീണ്ടും വീണ്ടും പുറപ്പെടുന്ന പ്രഥമ പ്രഘോഷണം ഇതായിരിക്കണം: യേശുക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു, അവിടുന്ന് നിങ്ങളെ സ്നേഹിക്കാൻ സ്വജീവൻ സമർപ്പിച്ചു. എല്ലാ ദിവസവും നിങ്ങളെ പ്രകാശിപ്പിക്കാനും ശക്തിപ്പെടുത്താനും സ്വതന്ത്രരാക്കാനും വേണ്ടി നിങ്ങളുടെയടുത്ത് യേശുക്രിസ്തു ജീവിക്കുന്നു' (Evangelii Gaudium, No. 164).

നമ്മുടെ അതിരൂപതയിൽ വിശ്വാസവർഷത്തിന്റെ തുടർച്ചയായി നടത്തികൊണ്ടിരിക്കുന്ന 'വിശ്വാസോത്സവ്' ധ്യാനപരിപാടി, ഇടവക മുഴുവനുമുള്ള ജനങ്ങൾക്ക് നൽകുന്ന വിശ്വാസപരിശീലനമാണ്. വിശ്വാസത്തിൽ ആഴപ്പെട്ട് ഈശോയുടെ ജീവിതമൂല്യങ്ങൾ ലോകത്തിനുമുന്നിൽ സാക്ഷ്യപ്പെടുത്തുന്ന ക്രൈസ്തവമക്കളെ രൂപപ്പെടുത്തുന്നതിനാണ് 'വിശ്വാസോത്സവ്' ധ്യാനപരിപാടി നടത്തപ്പെടുന്നത്. 'വിശ്വാസോത്സവ്' നടത്തിയ എല്ലാ ഇടവകയെയും വികാരിയച്ചൻമാരെയും ഞാൻ അഭിനന്ദിക്കുന്നു. 2014 നവംബറിന് മുമ്പ് അതിരൂപതാ നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് എല്ലാ ഇടവകയിലും 'വിശ്വാസോത്സവ്' നടത്തണമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

**3.** സുവിശേഷവത്ക്കരണത്തിനും വിശ്വാസപരിശീലനത്തിനും നമുക്ക് ഏറ്റവും നല്ല റോൾ മോഡൽ പരിശുദ്ധ കന്യകാമറിയമാണ്. മറിയം വചനം ശ്രവിച്ചു (ലൂക്കാ 1:28); ആ വചനം തന്റെ അസ്തിത്വത്തിൽ പൂർണ്ണമായി അവൾ സ്വീകരിച്ചു (ലൂക്ക 1:38). പരിശുദ്ധാ

ത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ട മറിയം (മത്താ.1:18) ലോക രക്ഷകനായ ഈശോയ്ക്ക് ഈ ഭൂമിയിൽ ജന്മം നൽകി. "ഇവൻ എന്റെ പ്രിയപുത്രനാണ്" (മർക്കോ 1:11) എന്ന് അരുളിചെയ്ത ദൈവപിതാവിന്റെ പ്രിയസുതനെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും (ലൂക്ക 2:52) വളർത്തിയെടുത്ത പരിശുദ്ധ കന്യകാമറിയമാണ് വിശ്വാസപരിശീലകന്റെ ഏറ്റവും ഉദാത്തമായ മാതൃക. ഈ അമ്മയുടെ ജീവിതവിജയത്തെ സാക്ഷ്യപ്പെടുത്തികൊണ്ട് ഈശോ പറയുന്ന വചനം ഇപ്രകാരമാണ്: "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്ക 8:21).

'വിശ്വാസത്തിന്റെ വാതിൽ' എന്ന തന്റെ പ്രഥമചാക്രികലേഖനത്തിൽ ഫ്രാൻസിസ് പാപ്പ പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്നത് 'കർത്താവിന്റെ അമ്മ വിശ്വാസത്തിന്റെ പൂർണ്ണതയുള്ള ഐക്കൻ' എന്നാണ് (PF 58). വിശുദ്ധ എലിസബത്ത് പരിശുദ്ധ മറിയത്തെക്കുറിച്ച് പറഞ്ഞതുപോലെ 'വിശ്വസിച്ചവൾ ഭാഗ്യവതിയാണ്'. വിശ്വസിച്ച് ഭാഗ്യവാനാകുക, വിശ്വസിച്ച് ഭാഗ്യവതിയാകുക എന്നത് എളുപ്പമുള്ള കാര്യമല്ല. ലോകത്തിലെ വെല്ലുവിളികളെ അതിജീവിക്കാൻ സാധിക്കുമ്പോഴാണ് വിശ്വാസജീവിതത്തിൽ ഏറ്റവും വലിയ പ്രതിഭയായ മറിയത്തെപ്പോലെ നാം ഓരോരുത്തരും ഭാഗ്യവാനോ ഭാഗ്യവതിയോ ആയിത്തീരുന്നത്.

**4.** ഇന്നത്തെ ലോകത്തിന്റെ വെല്ലുവിളികൾ എന്തൊക്കെയാണെന്ന ചോദ്യത്തിന് ഫ്രാൻസിസ് പാപ്പ 'സുവിശേഷത്തിന്റെ സന്തോഷം' എന്ന തന്റെ അപ്പസ്തോലികലേഖനത്തിൽ ചൂണ്ടിക്കാട്ടുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്. (EG 50-104)

1. മനുഷ്യജീവന്റെ മൂല്യം സംരക്ഷിക്കുന്നതിനുപകരം ഒഴിവാക്കലിന്റെയും അസമത്വത്തിന്റെയും സാമ്പത്തികത
2. നമ്മുടെമേൽ പണത്തിനുള്ള ആധിപത്യം നമ്മൾ ശാന്തരായി സ്വീകരിച്ചിരിക്കുന്നു എന്ന വിപത്ത്
3. അക്രമം വർദ്ധിപ്പിക്കുകയും വിപണിയെ തീറ്റിപ്പോറ്റുകയും ചെയ്യുന്ന അനിയന്ത്രിതമായ ഉപഭോഗസംസ്കാരം

4. ദൈവവിശ്വാസത്തിനും മതസ്വാതന്ത്ര്യത്തിനും എതിരായ മതപീഡനത്തിന്റെ മാധ്യമസംസ്കാരം
5. വ്യക്തിപരവും വൈകാരികവുമായ വിശ്വാസജീവിതം പ്രതിഫലിപ്പിക്കുന്ന ഭക്താഭ്യാസങ്ങൾകൊണ്ടു നിർമ്മിച്ച ഒരുതരം ജീവിതരീതി
6. കുടുംബങ്ങളിൽ സംഭാഷണത്തിനുള്ള അവസരങ്ങളുടെ അഭാവം
7. മദ്യാസക്തി, ഗാർഹികാക്രമണം, മനുഷ്യക്കച്ചവടം, വൃദ്ധജനങ്ങളെ പരിത്യജിക്കൽ
8. മന്ത്രവാദത്തിലേക്കു നയിക്കുന്ന വിധിവിശ്വാസപരമോ അന്ധവിശ്വാസപരമോ ആയ ആശയങ്ങൾ

ഈ വെല്ലുവിളികളുടെ മുന്നിൽ വിശ്വാസത്തിന്റെ പ്രകാശം ഒളിമങ്ങാതെ കത്തിജ്വലിപ്പിക്കേണ്ട ദൗത്യം സഭാമക്കളായ നാം ഓരോരുത്തരുടേതുമാണെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

**5.** സുവിശേഷവത്ക്കരണത്തിലുടെയും പുന:സുവിശേഷവത്ക്കരണത്തിലൂടെയും സഭ ലക്ഷ്യം വെക്കുന്നത് വിശ്വാസത്തിന്റെ വെളിച്ചം ലോകം മുഴുവനും നിറഞ്ഞുനില്ക്കുക എന്നതാണ്.

ഈശോയെയും അവിടുന്ന് സ്ഥാപിച്ച സഭയെയും ഇതുവരെയും അറിയാത്തവരെ ഈശോയിലേക്ക് നയിക്കുന്നതാണ് *സുവിശേഷവത്ക്കരണം.* ഈശോയെ കണ്ടുമുട്ടിയവരുടെവിശ്വാസത്തെ ആഴപ്പെടുത്തലാണ് *പുന:സുവിശേഷവത്ക്കരണം.* ഈശോയെയും സഭയെയും തെറ്റായി മനസ്സിലാക്കിയവർക്കു പുന:സുവിശേഷവത്ക്കരണം ആവശ്യമാണ്. ഈശോയിലേക്ക് തിരികെ കൊണ്ടുവരാൻ സഭ നടത്തുന്ന സുവിശേഷശുശ്രൂഷയാണ് *നവസുവിശേഷവത്ക്കരണം.* ഒരു പക്ഷേ നമ്മുടെ ഇടവകകളിൽ സുവിശേഷവത്ക്കരണത്തിന്റെയും പുന:സുവിശേഷവത്ക്കരണത്തിന്റെയും നവസുവിശേഷവത്ക്കരണത്തിന്റെയും തലങ്ങളിൽ നിന്നുകൊണ്ട് വിശ്വാസത്തിന്റെ വെളിച്ചം മറ്റുമതസ്ഥരിലേക്കും നൽകേണ്ട ആവശ്യകത അനുഭവപ്പെടുമ്പോൾ അതു ചെയ്യുക എന്നതാണ്

ക്രൈസ്തവധർമ്മം.

ഇന്നത്തെ വാർത്താവിനിമയ മാധ്യമങ്ങൾ ഈശോയെ പ്രഘോഷിക്കാനായി നാം ഉപയോഗപ്പെടുത്തണം. ഇന്ന്, നമ്മുടെ മുറിയിൽ ഇരുന്നുകൊണ്ടുതന്നെ ലോകം മുഴുവൻ ഈശോയുടെ വചനങ്ങൾ അറിയിക്കുവാൻ സാധിക്കും. E-Mail-ലൂടെയും Twitter-ലൂടെയും പരിചിതർക്കും അപരിചിതർക്കും സഹപ്രവർത്തകർക്കും സഹപാഠികൾക്കും ഈശോയുടെ സന്ദേശം (സുവിശേഷ വചനങ്ങൾ) അയച്ചുകൊടുത്ത് പ്രേഷിതരാകാൻ നമുക്ക് സാധിക്കും. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാൻ ഇന്നത്തെ വാർത്താവിനിമയ ഉപാധികളെ നാം ഉപയോഗപ്പെടുത്തണം. വിശുദ്ധ കൊച്ചുത്രേസ്യ ആഗോളമിഷനറിയായത് താൻ ജീവിച്ച ലിസ്യുവിലെ കന്യാമഠത്തിന്റെ ആവൃതിയിൽ വസിച്ചുകൊണ്ടുതന്നെയാണെന്ന കാര്യം നമുക്ക് മാതൃകയാകട്ടെ.

**6.** വിശ്വാസപ്രതിസന്ധികൾക്കു മുന്നിൽ അന്ധാളിച്ചു നില്ക്കുകയും നിഷ്കർമ്മത പുലർത്തുകയും ചെയ്യുക എന്നതല്ല ഈശോയിൽ വിശ്വസിക്കുന്നവരുടെ മുഖമുദ്ര. ഉത്ഥിതനായ ക്രിസ്തുവിന്റെ വെളിച്ചമാണ് ക്രൈസ്തവവിശ്വാസവെളിച്ചം എന്ന് രക്തസാക്ഷിത്വത്തിലൂടെയും ത്യാഗോജ്വലമായ ജീവിതസാക്ഷ്യത്തിലൂടെയും സാക്ഷ്യപ്പെടുത്തുന്നതാണ് ക്രൈസ്തവജീവിതം. ഇങ്ങനെയുള്ളവരുടെ ജീവിതസാക്ഷ്യമാണ് മതബോധനത്തിന്റെ ഏറ്റവും നല്ല പാഠപുസ്തകം. ഭാരത അപ്പസ്തോലനായ മാർതോമ്മാശ്ലീഹായുടേയും ഭാരതത്തിലെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടേയും 2014 നവംബർ 23-ന് വിശുദ്ധരായി പ്രഖ്യാപിക്കാൻ പോകുന്ന വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസച്ചന്റെയും എവുപ്രാസ്യമ്മയുടേയും അതിരൂപതയിൽ നിന്നുള്ള എല്ലാ ദൈവദാസന്മാരുടേയും ദാസിമാരുടേയും ജീവിതം ഉത്ഥാനപ്രഭ പരത്തുന്ന വിശ്വാസജീവിതത്തിന്റെ പാഠപുസ്തകങ്ങളാണ്, വിശ്വാസ മാതൃകകളാണ്.

മതബോധനം എന്നത് ബുദ്ധിയുടെ നിറവിനായുള്ള കുറെ നല്ല ആശയങ്ങളുടെ പ്രഘോഷണമായി കണക്കാക്കരുത്. മറിച്ച് കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും സമാധാന-സംവാദത്തിന്റെയും മാർഗത്തിലൂടെ ശാശ്വതമായ സത്ഫലങ്ങൾ സമൂഹത്തിനും സഹോദരർക്കും സമ്മാനി

ക്കാൻ പ്രാപ്തമാക്കുന്ന ക്രൈസ്തവബോധ്യങ്ങളും മനോഭാവങ്ങളും ശീലങ്ങളും വളർത്തി പരിപോഷിപ്പിക്കുന്ന പരിശീലനകളരിയായി കരുതണം. ബുദ്ധിയുടെ നിറവിനായി മാത്രം മതബോധനം സ്വീകരിക്കുന്നവരാണ് പരീക്ഷകളിൽ റാങ്കും നല്ല മാർക്കും ലഭിച്ചിട്ടും ക്രൈസ്തവ വിശ്വാസവെല്ലുവിളികളെ നേരിടുമ്പോൾ പഠിച്ചതെല്ലാം ഉപേക്ഷിച്ച്, അക്കരപച്ചകളിലേക്ക് ചേക്കേറി, മാതാപിതാക്കൾക്കും കുടുംബത്തിനും ഇടവകയ്ക്കും ഒരു വലിയ ചോദ്യചിഹ്നമായി തീർന്ന്, കുറെ കഴിയുമ്പോൾ പിടിച്ചുനിൽക്കാൻ ഒന്നുമില്ലാതെ ജീവിതം പരാജയക്കുഴിയിൽ അവസാനിപ്പിക്കുന്നത്. സഹനങ്ങൾക്കിടയിലും അവസാനംവരെ പിടിച്ചുനിൽക്കാനും രക്ഷ കൈവരിക്കാനും  പ്രാപ്തമാക്കുന്നതാണ് യഥാർത്ഥ വിശ്വാസപരിശീലനം.

**7.** നമ്മുടെ ഇടവകകളിലെ ഭക്തസംഘടനകളും കുടുംബകൂട്ടായ്മകളും, പ്രതിനിധിയോഗവും വിശുദ്ധ ജീവിതത്തിന്റെ പ്രോത്സാഹകരും വിശ്വാസ ജീവിതത്തിന്റെ പ്രചോദകരും ആകേണ്ടവരാണ്. അതിനു സാധ്യമാകുന്നത് അവർ തന്നെ ഈശോയുടെ ജീവിതമൂല്യങ്ങൾ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും പ്രാവർത്തികമാക്കുമ്പോഴാണ്.

കുഞ്ഞുമക്കളുടെ വിശ്വാസവളർച്ചയിൽ ഇടവകവികാരിയോടൊപ്പം സഹകരിക്കുന്നവരാണ് മതാദ്ധ്യാപകർ. മെത്രാന്റെ ദൗത്യമാണ് തന്റെ രൂപതയിലെ എല്ലാ വിശ്വാസികളെയും വിശ്വാസത്തിന്റെ പക്വതയിലേക്ക് നയിക്കുന്ന മതബോധനം നടത്തുക എന്നത്. എന്നാൽ തന്റെ ദൗത്യം പ്രായോഗികമാക്കുന്നതിനായി ഇടവകവികാരിയെ ഏൽപ്പിച്ചിരിക്കുന്ന ആ ദൗത്യത്തിന്റെ സഹപ്രവർത്തകരും കൂട്ടുത്തരവാദികളുമാണ് മതാദ്ധ്യാപകർ. ഇടവകയിലെ മതബോധന P. T. A. കുഞ്ഞുമക്കളുടെ വിശ്വാസപരിശീലനത്തിനു വേണ്ട എല്ലാസഹായസഹകരണങ്ങളും ചെയ്തു കൊടുക്കണം. ഒരു കുഞ്ഞിന്റെ വളർച്ച സമഗ്രമായിരിക്കണം. ബനഡിക്ട് പതിനാറാമൻ മാർപാപ്പ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനത്തിൽ മനുഷ്യന്റെ സമഗ്ര വളർച്ചയെ നേടിയെടുക്കുക എന്നതായിരിക്കണം എല്ലാ പുരോഗതിയുടേയും ലക്ഷ്യമെന്ന് ചൂണ്ടികാണിക്കുന്നുണ്ട്. വിശ്വാസപരിശീലനം വഴി ലക്ഷ്യം വെക്കുന്ന ഒരു കുട്ടിയുടെ സമഗ്രവളർച്ച അഞ്ചുകാര്യങ്ങളിലുള്ള പക്വതയിലേക്കുള്ള

വളർത്തലാണ്. ശാരീരിക പക്വത, ആത്മീയപക്വത, വൈകാരികപക്വത, സാമൂഹികപക്വത, ബൗദ്ധിക(ബുദ്ധിപരമായ) പക്വത. വിശ്വാസപക്വതയിലേക്ക് കുഞ്ഞുമക്കളെ വളർത്തിയെടുക്കുക എന്നത് ഇടവക മുഴുവന്റെയും ശ്രദ്ധ നൽകേണ്ട വേദിയാണ്.

**8.** കുഞ്ഞുങ്ങളുടെ വിശ്വാസവളർച്ചയിൽ ഏറ്റവും കൂടുതൽ ശ്രദ്ധ നൽകേണ്ടത് മാതാപിതാക്കളാണ്. വിശ്വാസപരിശീലനം ആരംഭിക്കുന്നത് കുടുംബങ്ങളിലാണ്. ക്രിസ്തീയവിശ്വാസത്തിന്റെ ബാലപാഠങ്ങളിലേക്ക് നയിക്കുകയെന്ന കർത്തവ്യം മാതാപിതക്കളിൽ നിക്ഷിപ്തമാണ്. വിശ്വാസത്തിൽ വളർന്നുവരാനുള്ള സാഹചര്യങ്ങൾ ഒരുക്കികൊടുക്കേണ്ടത് മാതാപിതാക്കളാണ്. ഒരു കുഞ്ഞിന്റെ വിശ്വാസവളർച്ചക്ക് കുടുംബത്തിൽ നിന്നും ലഭിക്കേണ്ട നാലു കാര്യങ്ങളുണ്ട്:

1. പ്രാർത്ഥിക്കുന്ന കുടുംബം
2. ദൈവവചനം വായിക്കുന്ന കുടുംബം
3. കൂദാശാജീവിതം നയിക്കുന്ന കുടുംബം
4. ഇടവകകൂട്ടായ്മയുടെ വിശ്വാസ-പരസ്നേഹപ്രവർത്തനങ്ങളിൽ പങ്കുകൊള്ളുന്ന കുടുംബം.

ക്രിസ്തീയ കുടുംബത്തെക്കുറിച്ച് പരിചിന്തനം ചെയ്യുന്ന ഈ മതബോധന അദ്ധ്യയനവർഷത്തിൽ വിശ്വാസ പരിശീലനം സ്വീകരിക്കുന്നവരുടേയും വിശ്വാസപരിശീലകരുടേയും കുടുംബങ്ങൾ മുകളിൽ പറഞ്ഞ നാലുകാര്യങ്ങളിലും പ്രകാശം പരത്തുന്ന നല്ല കുടുംബങ്ങളാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതുവഴി നല്ല കുടുംബജീവിതത്തിലേക്കും പൗരോഹിത്യജീവിതത്തിലേക്കും സന്യസ്തജീവിതത്തിലേക്കുമുള്ള നല്ല ദൈവവിളികൾ ലഭിക്കുകയും ചെയ്യട്ടെ.

ഈ അദ്ധ്യയനവർഷത്തിൽ മതബോധനം സ്വീകരിക്കുന്ന കുഞ്ഞുമക്കളുടെ കാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകമായി കൂടുതൽ ശ്രദ്ധനൽകുവാനും അവരുടെ കൂട്ടുകെട്ടുകൾ എന്തെന്ന് അന്വേഷിക്കുവാനും സമയം കണ്ടെത്തണം. എന്താണു കുട്ടികളുടെ മതബോധനപാഠ്യപദ്ധതിയെന്നും അവർക്കായി നടത്തുന്ന മതബോധന പരീക്ഷകളിലും ടെസ്റ്റുകളിലും അവർക്ക് ലഭിക്കുന്ന ഫലം

എന്താണെന്ന് അന്വേഷിക്കാനും നല്ല വിജയത്തിനായി അവരെ ഒരുക്കിവിടുവാനും പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധകുർബാനയിലെ പങ്കാളിത്തം, പരസ്നേഹ പ്രവർത്തനങ്ങളിലുള്ള സജീവ ഭാഗഭാഗിത്വം എന്തൊക്കെയെന്നും അന്വേഷിക്കുന്നത് മാതാപിതാക്കൾ നൽകുന്ന പ്രോത്സാഹനങ്ങളാണ്. ബൈബിൾ പഠനസഹായിയിൽ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിച്ച് കൊടുക്കേണ്ടത് മാതാപിതാക്കളാണ്. വിശ്വാസ-സന്മാർഗസംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും മക്കൾ ഉയർത്തുമ്പോൾ അവർക്ക് കൃത്യമായ ഉത്തരവും യഥാർത്ഥ സത്യവും പഠിപ്പിക്കാൻ മാതാപിതാക്കളെ സജ്ജരാക്കുന്നതിനുവേണ്ടിയാണ് അതിരൂപതാ ദൈവശാസ്ത്രവിദ്യപീഠം ജൂലായ് 7 മുതൽ 6 മാസത്തെ തിയോളജിക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നത്.

ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും സംപ്രീതിയിലും വളർന്നുവരുന്ന കുഞ്ഞുമക്കൾ നമ്മുടെ സമ്പാദ്യങ്ങളാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളേവരെയും ആശീർവദിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത

**NB:** ഈ ഇടയലേഖനം 2014 ജൂലൈ 13 ന് വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേതാണ്. **+AT**

TRICHUR ARCHDIOCESAN
Bulletin

Prot. No. 969/2014

# സർക്കുലർ

## ജസ്റ്റീസ് സൺഡെ 2014

### ആഗസ്റ്റ് 17, ഞായർ

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതകത്തോലിക്കാസഭ ഈ വർഷം ആഗസ്റ്റ് 17-ാം തീയതി ജസ്റ്റിസ് സൺഡെ ആചരിക്കുകയാണ്. ഏവർക്കും അറിയാവുന്നതുപോലെ, ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ ഭരണഘടന ഉറപ്പ് നൽകുന്ന അവകാശം നിഷേധിക്കപ്പെട്ട ഒരു വിഭാഗമാണ് ദലിത്ക്രൈസ്തവർ. 1950 മുതൽതന്നെ അനുഭവിക്കുന്ന നീതിനിഷേധത്തിനെതിരെ ഭാരത സഭയുടെ ക്രിയാത്മക പ്രതികരണമാണ് ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായർ ജസ്റ്റിസ് സൺഡെ ആയി ആചരിക്കുന്നത്. 1986 മുതൽ നടത്തപ്പെടുന്ന ഈ ആചരണം സഭാവിശ്വാസികളിലും പൊതുജനസമൂഹത്തിലും ദലിത് ക്രൈസ്തവരുടെ അവകാശങ്ങളെക്കുറിച്ച് അവബോധമുളവാക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. എങ്കിലും ആറു പതിറ്റാണ്ടുകളായി നാം ഉയർത്തുന്ന ആവശ്യങ്ങളുടെമേൽ കേന്ദ്രസർക്കാർ എടുത്തിരുന്ന സമീപനങ്ങൾ നിരാശാജനകമായിരുന്നു. ഇന്നു പുതിയ സർക്കാർ കേന്ദ്രഭരണത്തിൽ വന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ നമ്മുടെ ജനതയുടെ അവകാശങ്ങളെ പുത്തനുണർവോടെ അവതരിപ്പിക്കേണ്ടതുണ്ട്. അതിനു തക്കതായ ആത്മീയോർജ്ജം ലഭിക്കാൻ ഈ വർഷത്തെ ജസ്റ്റിസ് സൺഡെ ആചരണം ഉപകരിക്കട്ടെ.

ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങൾക്കുവേണ്ടി പോരാടുന്നതോടൊപ്പം നമ്മുടെ സമൂഹത്തിന്റെ സമഗ്രപുരോഗതിക്കായി പ്രവർത്തിക്കാനും നാം സന്നദ്ധരാകണം. ചിലകാര്യങ്ങൾ ഏവരുടെയും പ്രത്യേക വിചിന്തനത്തിനായി കുറിക്കട്ടെ.

1. കേരള കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിലാണ് ദലിത് കത്തോലിക്ക മഹാജന സഭ (ഡി.സി.എം.എസ്സ്.) പ്രവർത്തിക്കുന്നത്. പല സന്ദർഭങ്ങളിലും സാമ്പത്തിക പരാധീനതകൾകൊണ്ട് പ്രാദേശികതലത്തിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാതെ പോകുന്നു. ഓരോ ഇടവകയും ഡി.സി.എം.എസ്സിനെ ഒരു സംഘടനയെന്നതിനേക്കാൾ സാമൂഹിക ശുശ്രൂഷയുടെ അവിഭാജ്യഘടകമായി കണ്ടുകൊണ്ട് പ്രോത്സാഹിപ്പിക്കണം.
2. ദലിതരുടെ ദരിദ്രാവസ്ഥയ്ക്കു പ്രധാന കാരണമായി ഏവരും ചൂണ്ടികാണിക്കുന്നത് മദ്യപാനശീലമാണ്. ദൈവം ദാനമായി നല്കിയിരിക്കുന്ന പകൽസമയം അദ്ധ്വാനിക്കാതെ മദ്യവിപണനശാലകളിൽ ചെലവഴിക്കുന്നത് ഒരിക്കലും നീതീകരിക്കാൻ പറ്റാത്ത കാര്യമാണ്. മദ്യപാനം മൂലം നമ്മുടെ കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന നമുക്ക് മദ്യവിമുക്ത കേരളം യാഥാർത്ഥ്യമാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കാം.
3. നിത്യോപയോഗസാധനങ്ങളുടെ വില അനുദിനം കുതിച്ചുകയറുമ്പോൾ ജൈവകൃഷിക്ക് പ്രാധാന്യം നല്കി അടുക്കളതോട്ടം വിപുലപ്പെടുത്താം. ഈ കാലഘട്ടത്തിനനുയോജ്യമായ കാർഷികോത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ മറ്റു സമൂഹങ്ങളുമായി കൈകോർക്കാം.
4. പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞെങ്കിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്താനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. സമൂഹത്തിന്റെ സമഗ്ര പുരോഗതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കു വലുതാണ്. യോഗ്യതയുള്ളവർ ശുശ്രൂഷാമനോഭാവത്തോടെ ഭരണരംഗത്തു വരാൻ സന്നദ്ധരാകണം.
5. ഇന്ന് വിദ്യാഭ്യാസമേഖലയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നില്ക്കുന്ന ദലിത് മക്കളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ ഡി.സി.എം.എസ്. ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കണം.

6. നാം എല്ലാവർഷവും പഠനത്തിൽ മുന്നിൽ നില്ക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നുണ്ട്. ജസ്റ്റിസ് സൺഡെയിൽ ദിവ്യബലി മദ്ധ്യേ ലഭിക്കുന്ന കാണിക്കയിൽ നിന്നാണ് സ്കോളർഷിപ്പ് നല്കുന്നത്. ആയതിനാൽ ആഗസ്റ്റ് 17-ാം തിയതിയിലെ സംഭാവന ഉദാരപൂർവ്വം നല്കാൻ ഏവരും ശ്രദ്ധിക്കണം.

7. ജസ്റ്റിസ് സൺഡെയുടെ ഇടവക തലത്തിൽ നടത്തപ്പെടുന്ന ആചരണം സംബന്ധിച്ച് ഒരു വിവരണം രൂപതാഡയറക്ടർമാരെ അറിയിക്കുന്നത് ഉചിതമായിരിക്കും.

കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ SSLC (80%), Plus Two (70%), Degree, Post Graduate, B.Sc., Engineering, Medicine (60%) തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ദലിത് കത്തോലിക്കാകുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ 2014 നവംബർ 30-നകം വികാരിയച്ചന്റെ സാക്ഷിപത്രത്തോടെ KCBC SC/ST/BC കമ്മീഷൻ സെക്രട്ടറി (FR. JOSEPH KUTTIKATTIL, Holy Family Church, Edamon P.O, Ranni - 689 681) യുടെ പേരിൽ അയച്ചുകൊടുക്കണം. അപേക്ഷാഫാറം രൂപതാ ഡയറക്ടറന്മാരുടെ പക്കൽ ലഭ്യമാണ്.

സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

NB: 1. 2014 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ

എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

2. ഡി.സി.എം.എസ്സിന്റെ ഡയറക്ടറായി കഴിഞ്ഞ ഏഴു വർഷക്കാലം തിരുവനന്തപുരം മലങ്കര അതിരൂപതയിലെ ബഹുമാനപ്പെട്ട ജോൺ അരീക്കൽ അച്ചൻ സേവനം ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കാം. ഈ വർഷം മുതൽ വിജയപുരം രൂപതയിലെ ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ അച്ചനെ ഡയറക്ടറായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചിരിക്കുന്ന കാര്യവും ഏവരേയും അറിയിക്കുന്നു. ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ അച്ചനോട് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# കച്ചേരിക്കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ആഗസ്റ്റ് | 1 | : ആദ്യവെള്ളി |
| | | : നിസിബിസിലെ വി. യാക്കോബ് |
| | | : വി. അൽഫോൻസ് ലിഗോരി |
| | 3 | : **കൈത്താക്കാലം രണ്ടാം ഞായർ** |
| | 4 | : വി. ജോൺ മരിയ വിയാനി |
| | 6 | : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| | 8 | : **മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി** |
| | | : വി. ഡൊമിനിക് |
| | 10 | : **കൈത്താക്കാലം മൂന്നാം ഞായർ** |
| | 11 | : വി. ക്ലാര |
| | 14 | : വി. മാക്സിമില്യൻ കോൾബേ |
| | 15 | : മറിയത്തിന്റെ സ്വർഗാരോപണം |
| | | : ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| | 17 | : **കൈത്താക്കാലം നാലാം ഞായർ** |
| | 21 | : വി. പത്താം പീയൂസ് മാർപാപ്പ |
| | 24 | : **കൈത്താക്കാലം അഞ്ചാം ഞായർ** |
| | | : വി. ബർത്തലോമിയോ ശ്ലീഹാ |
| | 28 | : വി.അഗസ്റ്റിൻ |
| | 29 | : വാഴ്ത്തപ്പെട്ട എവുപ്രാസ്യ |
| | | : വി.ശ്മോനിയും ഏഴു മക്കളും |

**2. ആഗസ്റ്റ് മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 04 | 07.30 pm | സാമ്പത്തികസമിതി യോഗം |
| 14 | 10:00 am - 02:00 pm | ആലോചനസമതിയോഗം |

**3. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡു ദിന പരിപാടികൾ 2014 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി. എൽ.സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2013 നവംബർ 10 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ

പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2014 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 1നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org; www.sauhrudam.com).

### 1. വിദ്യാഭ്യാസരംഗം

2013-14 അധ്യയനവർഷത്തിൽ

**1.1** എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**4. വൈദികനിയമനം :**

1. ഫാ. സിജോ അരിക്കാട്ട് - കപ്ലോൻ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് എഫ്. സി. സി. കൂടി; സാധുത 2014 ജൂൺ 1 മുതൽ.
2. ഫാ. ആന്റണി ചെമ്പകശ്ശേരി - കപ്ലോൻ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് എഫ്. സി. സി. ഒഴിവായി. സാധുത 2014 ജൂൺ 1 മുതൽ.
3. അബ്രാഹം പാലക്കൽ - സഹായി അരണാട്ടുകര. സാധുത 2014 ജൂൺ 8 മുതൽ.
4. ഫാ. സജി വെളിയത്ത് CSJBP - നടത്തുവികാരി ചിറക്കേക്കോട് & കപ്ലോൻ എസ്. എ. ബി. താളിക്കോട് ഒഴിവായി. സാധുത 2014 ജൂൺ 15 മുതൽ.
5. ഫാ. സജു വടക്കേത്തല - വികാരി ചിറക്കേക്കോട് & കപ്ലോൻ എസ്. എ. ബി. താളിക്കോട് കൂടി; എരവിമംഗലം ഒഴിവായി. സാധുത 2014 ജൂൺ 15 മുതൽ.
6. ഫാ. ജോൺ പുല്ലോക്കാരൻ CMI - കപ്ലോൻ ക്രിസ്തുജ്യോതി എഫ്. സി. കോൺവെന്റ് അടുപ്പുട്ടി ഒഴിവായി. സാധുത 2014 ജൂൺ 1 മുതൽ.
7. ഫാ. ജോയ് വൈദ്യക്കാരൻ CMI - കപ്ലോൻ ക്രിസ്തുജ്യോതി എഫ്. സി. കോൺവെന്റ് അടുപ്പുട്ടി. സാധുത 2014 ജൂൺ 1 മുതൽ.
8. ഫാ. ബെന്നി ചിറമ്മൽ CMI - കപ്ലോൻ സെന്റ് സേവിയേഴ്സ് സി. എം. സി. കോൺവെന്റ് ചേറൂർ ഒഴിവായി. സാധുത 2014 ജൂൺ 1 മുതൽ.
9. ഫാ. തോമസ് ചക്കാലമറ്റത്ത് CMI - കപ്ലോൻ സെന്റ് സേവിയേഴ്സ് സി. എം. സി. കോൺവെന്റ് ചേറൂർ. സാധുത 2014 ജൂൺ 1 മുതൽ.
10. ഫാ. ജോഷി കാട്ടൂക്കാരൻ CMI - കപ്ലോൻ മരിയഭവൻ സി. എസ്. സി. കോൺവെന്റ് കോലഴി ഒഴിവായി. സാധുത 2014 ജൂൺ 1 മുതൽ.
11. ഫാ. ജോസ് കാവുങ്കൽ CMI - കപ്ലോൻ മരിയഭവൻ സി. എസ്. സി.

കോൺവെന്റ് കോലഴി. സാധുത 2014 ജൂൺ 1 മുതൽ.

12. ഫാ. ചെറിയാൻ വാരിക്കാട്ട് - റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി രണ്ടു വർഷത്തേക്കുകൂടി. സാധുത 2014 മെയ് 17 മുതൽ.

4. ഡീ. ലിജോ അതിയുന്തൻ CMI - ഡീക്കൻ മിനിസ്ട്രി കുണ്ടുകാട്. സാധുത 2014 ജൂൺ 15 മുതൽ സെപ്തംബർ 20 വരെ.

**5. പ്രത്യേക അനുവാദങ്ങൾ :**

1. ക്രൈസ്റ്റ് വില്ല പുവർ ഹോമിന്റെ ഉടമസ്ഥതയിലുള്ള ഏതാനും ഭാഗം സോഷ്യൽ വെൽഫെയർ സെന്ററിന് കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1152/2014)
2. അരണാട്ടുകര ഹോളി ട്രിനിറ്റി ആശ്രമത്തിനടുത്ത് 'കരുണയുടെ ഭവനം' ആരംഭിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1153/2014)
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി സന്യസ്തർക്കായി സംഘടിപ്പിക്കുന്ന തിയോളജി കോഴ്സിൽ അത്മായ സ്ത്രീകളെ ഉൾപ്പെടുത്തുന്നതിന് അനുവാദം (കല്പനനമ്പർ 1154/2014)
4. ചിറ്റിലപ്പിള്ളി ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 1164/2014)
5. ഏങ്ങണ്ടിയൂർ എം. ഐ. ഹോസ്പിറ്റലിൽ ദിനംതോറും വി. കുർബാന അർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1166/2014)
6. സി. എച്ച്. എഫ്. സന്യാസിനീസമൂഹത്തിന്റെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ കുറിച്ചുള്ള 'ഈശോയുടെ മുല്ലപ്പൂ' എന്ന പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 1174/2014)
7. വെളപ്പായ ഇടവകയിൽ പുതിയ ദൈവാലയം, മതബോധനഹാൾ, ഓഫീസ് മുറികൾ, വൈദികമന്ദിരം എന്നിവ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1176/2014)
8. വരാക്കര സൗത്ത് ഇടവകദൈവാലയം പുനർനിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1177/2014)
9. കുറ്റൂർ ഇടവകയിൽ മതബോധനഹാൾ നിർമ്മിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1178/2014)

10. എം. ഐ. ബോയ്സ് ടൗണിന്റെ പുനർനിർമ്മാണപ്രവർത്തനങ്ങൾക്കായി താത്കാലികമായി സ്ഥാപനത്തിന്റെ നടത്തിപ്പ് നിർത്തിവയ്ക്കുന്നതിന് അനുവാദം (കല്പനനമ്പർ 1181/2014)
11. പഴുവിൽ ഇടവകയിലെ തിരുനാൾ ജൂൺ 13 വെള്ളിയാഴ്ച ആയതിനാൽ മാംസവർജ്ജനനിയമത്തിൽ നിന്ന് ഒഴിവ് (കല്പനനമ്പർ 1182/2014)
12. കോഞ്ചിറ പള്ളിയോടു ചേർന്നു കിടക്കുന്ന ഏനാമ്മാവ് പള്ളിയുടെ സ്ഥലം കോഞ്ചിറ പള്ളിയുടെ പേരിൽ തീറ് നൽകുന്നതിന് അനുവാദം (കല്പനനമ്പർ 1183/2014)
13. വേലൂപ്പാടം ഇടവകയിലെ കൈക്കാരന്മാരുടെ എണ്ണം നാലാക്കുന്നതിന് അനുവാദം (കല്പനനമ്പർ 1186/2014)
14. തങ്ങാലൂർ ഇടവകയിലെ വൈദികമന്ദിരം ട്രസ്സ് വർക്ക് ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 1201/2014)
15. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയുടെ 160 തെങ്ങുകൾ കാർഷികസർവ്വകലാശാലക്ക് വിത്ത് സംഭരണത്തിനായി പാട്ടത്തിന് 3 വർത്തേക്ക് നൽകുന്നതിന് അനുവാദം (കല്പനനമ്പർ 1205/2014)
16. മുല്ലശ്ശേരി ഇടവകപള്ളി കോമ്പൗണ്ടിലെ ഇടയഗ്രാമത്തോടനുബന്ധിച്ച് പരി. കന്യകാമറിയത്തിന്റെ 12 വലിപ്പമുള്ള തിരുസ്വരൂപം സ്ഥാപിക്കുന്നതിനുള്ള അനുവാദം (കല്പനനമ്പർ 1207/2014)
17. മുല്ലശ്ശേരി ഇടവകയിലെ തെക്ക് കിഴക്കേ അതിർത്തിയിലുള്ള വി, സെബസ്ത്യാനോസിന്റെ കപ്പേള പുതുക്കി പണിയുന്നതിന് അനുവാദം (കല്പനനമ്പർ 1209/2014)
18. പാലയൂർ ഇടവകപള്ളിയുടെ തെക്കേ കവാടത്തിനടുത്ത് മാതാവിന്റെ ഗ്രോട്ടോ പണിയുന്നതിനും ജൂലൈ 3ന് ആശീർവാദകർമ്മം നടത്തുന്നതിനും അനുവാദം (കല്പനനമ്പർ 1210/2014)
19. മറ്റം ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 1216/2014)
20. മാന്ദാമംഗലം ഇടവകയിലെ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തെ ഭിത്തി മാറ്റി വീതി കൂട്ടുന്നതിന് അനുവാദം (കല്പനനമ്പർ 1218/2014)
21. എരനെല്ലൂർ ഇടവകയിലെ സെമിത്തേരിയിൽ പുതിയ സ്ഥിരം കല്ലറകൾ പണിയുന്നതിന് അനുവാദം (കല്പനനമ്പർ 1227/2014)
22. ഒല്ലൂർ ഇടവകയിൽ നിന്നും തിരിഞ്ഞ ചിയ്യാരം വിജയമാത പള്ളിക്ക് അർഹമായ സ്ഥലങ്ങൾ ചിയ്യാരം വിജയമാത പള്ളിയുടെ വികാരിയുടെ

പേരിൽ ആധാരം ചെയ്തുകൊടുക്കുന്നതിന് അനുവാദം (കല്പനനമ്പർ 1234/2014)

23. പുത്തൻപീടിക ഇടവകയിൽ കല്ലറകളുടെ നിരക്ക് വർദ്ധനവിന് അംഗീകാരം (കല്പനനമ്പർ 1264/2014)
24. പുത്തൻപീടിക ഇടവയുടെ 8.75 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിന് അനുവാദം (കല്പനനമ്പർ 1266/2014)
25. വെളപ്പായ ഇടവകാതിർത്തിയിൽ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ കീഴിൽ പണികഴിപ്പിച്ച വിൻസെൻഷ്യൻ അഭയകേന്ദ്രത്തിന്റെ ഉദ്ഘാടനദിവസത്തിൽ പ്രസ്തുത കെട്ടിടത്തിൽ വി. ബലിയർപ്പിക്കുന്നതിന് അനുവാദം (കല്പനനമ്പർ 1267/2014)
26. ഫാ. ലൂവീസ് ചാലക്കലിന്റെ "മാർപ്പാപ്പയിൽ നിന്നുള്ള വെളിച്ചം" എന്ന പുസ്തകത്തിന് പ്രസിദ്ധീകരണാനുമതി (കല്പനനമ്പർ 1277/2014)
27. ചിറ്റിലപ്പിള്ളി ഇടവകയിലെ പുതിയ പ്രതിനിധിയോഗാംഗത്തിന് അംഗീകാരം (കല്പനനമ്പർ 1282/2014)

**തെരട്ട്**

1. ഒല്ലൂർ ഏയ്ഞ്ചൽ നഗർ ക്വാസി ഇടവകയുടെ പനംകുറ്റിച്ചിറ സെന്റ് മേരീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1169/2014)
2. ഒല്ലൂർ ഇടവക ഗലീലി മേഖല സെന്റ് ആന്റണീസ് കപ്പേളയുടെ 2013-2014 വർഷത്തെ തെരട്ടിന് അംഗീകാരം (കല്പനനമ്പർ 1214/2014)

**പ്രതിനിധിയോഗം**

1. കുറ്റൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1187/2014)
2. വെളുത്തൂർ ഇടവകയിലെ പുതിയ പ്രതിനിധിയോഗത്തിന് അംഗീകാരം (കല്പനനമ്പർ 1250/2014)

**പ്രത്യേക നിയമനങ്ങൾ**

1. **Auditing Consutants**

   Sri. Jose Pottokkaran
   Sri. Romid Chacko
   Sri. Joseph Kangappadan
   Sri. Paulson Thengumpilly

# DECREE OF DEFINITIVE APPROVAL

# FOR THE STATUTES OF THE LEGION OF APOSTOLIC FAMILIES

(LOAF, The Pious Association of Consecrated Catholic Families in the Archeparchy Of Trichur)

Ref: 1. Decree of Erection of Legion of Apostolic Families Order No. 3858/2009 dated 18th December 2009

2. The application of the permanent members requesting definitive approval for the revised Statutes dated 13 June 2014

3. Copy of the revised Statutes of Legion of Apostolic Families

LEGION OF APOSTOLIC FAMILIES (LOAF), an association of consecrated families erected by the undersigned on 18 December 2009 has entered to a definitive stage of its existence with the taking of the perpetual commitment by five of its pioneering families becoming its first five permanent members on 27 April 2014 during the Archeparchial Celebrations conducted in connection with the Canonization of Popes John Paul II and John XXIII at Our Lady of Lourdes Cathedral, Thrissur. As the Decree of Erection of Legion of Apostolic Families (LOAF) had stipulated, the approval given to its Statutes was temporary which meant only for five years' period of experiment. Having entered to a new phase and the period of temporary approval of its Statutes is about to expire in December, you have undertaken a revision of the Statutes as demanded by the Decree of Erection ( Order No. 3258/2009 -18/12/2009) and the experience of the past five years.

After careful study and prayerful reflection, I, the undersigned Mar Andrews Thazhath, by the power vested on me in my capacity as the Metropolitan Archbishop of Trichur who erected this pious association, as per CCEO c. 576 §§1,2, do hereby give definitive approval to the revised Statutes of the pious association of the consecrated Catholic families called "LEGION OF APOSTOLIC FAMILIES (LOAF)".

This Decree comes into effect on the 3rd day of the month of July in the year of 2014, the day of the Feast of Dukhrana of St. Thomas the Apostle.

Given this from the Archeparchial Curia on 27 June 2014,
the day of the Feast of the Sacered Heart of Jesus.

**Order No. 1285/2014**

+Mar Andrews Thazhath,
Metropolitan Archbishop of Trichur

Fr. Raphael Akkamattathil,
Chancellor

Copy to:
V. Rev. Msgr. George Kombara, Syncellus in charge of Associations
Rev. Fr. Francis Aloor, Director of Legion of Apostolic Families

## Dispensation from Priestly celibacy to Dn. Sinto (Antony) Thaikkadan.

Sinto (Antony) Thaikkadan was undergoing priestly formation for the Archeparchy of Trichur and on 20-3-2012 he was ordained Deacon. However, he was not promoted to Priesthood and hence he was asked to discontinue priestly formation. Afterwards, he requested dispensation from priestly celibacy. The request was forwarded to the Holy See. The Holy Father has granted him dispensation from priestly celibacy by the rescript Prot. No. 2014 1572/D of the Congregation for the Clergy. He is therefore permitted to marry and he is prohibited to function any duties or activities proper to the order of diaconate.

The information of this dispensation shall be communicated to Sinto Thaikkadan and shall also be informed in the parish. It shall also be noted in his baptism register.

Given this from the Archeparchial Curia on 25th June 2014

**Order No. 1276/2014**

Mar Andrews Thazhath
Metropolitan Archbishop of Trichur

Fr. Raphael Akkamattathil
Chancellor
Copy to
Rev. Fr. Rector, Marymatha Major Seminary, Thrissur

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | FRI | Morning | Holy Mass, *Marymatha* Jyothi Engineering College, *Cheruthuruthy* |
| 02 | SAT | Morning | Holy Mass & Baptism, *Thiroor* |
| | | | CCWI Meeting, *Family Apostolate* |
| | | Noon | SDV, *Thalore* |
| 03 | SUN | | Pastoral Visit, *Kootala* |
| 04 | MON | Morning | Engaged |
| | | Evening | Finance Council |
| 05-09 | | | CBCI, Bangalore & KCBC |
| 10 | SUN | | Pastoral Visit |
| 11 | MON | | Prayer Day |
| 12 | TUE | Morning | For the People |
| 13 | WED | Morning | Holy Mass & Class, *Gurukulam* |
| | | Evening | JMMC Trust Meeting |
| 14 | THU | Morning | Consulters' Meeting |
| 15 | FRI | Morning | MI Hospital, *Engandiyur* |
| | | Afternoon | Prize Distribution Day, *DBCLC* |
| | | Evening | Presbytery Blessing, *Kizhuppillikkara* |
| 16 | SAT | Morning | Ordination of Dn. Varghese, *Kaveedu* |
| | | Afternoon | Benefactors' Day, *Marymatha* |
| 17 | SUN | | Pastoral Visit |
| 18-30 | | | Synod |
| 31 | SUN | | ACC Convocation |
| | | Evening | Mental Home |



# സഹായമെത്രാന്റെ പരിപാടികൾ

AUG 2014



| DATE | DAY | TIME | PROGRAMME |
|---|---|---|---|
| 01 | FRI | Morning | Holy Mass, *Divine Retreat Centre* |
| | | | Marymatha Class |
| | | Evening | Holy Mass, *Cheroor* |
| 02 | SAT | Morning | St. Thomas College |
| | | | Holy Mass, *Basilica* |
| 03 | SUN | | Holy Mass, *Vellatanjoor* |
| 04 | MON | Morning | Mt. St. Thomas |
| | | Evening | Catechism Day, *Lourede* |
| | | | Finance Council |
| 05-09 | | | CBCI, Bangalore & KCBC |
| 10 | SUN | | Holy Mass, *Eravimangalam* |
| | | | Holy Mass, *Velur* |
| 11 | MON | | Class, *Marymatha* |
| 12 | TUE | | Class, *Marymatha* |
| 13 | WED | | Class, *Marymatha* |
| 14 | THU | | Holy Mass, *Marymatha* |
| | | | Class, *Marymatha* |
| | | | Consulters' Meeting |
| 15 | FRI | Morning | Blessing Parish Hall, *Paravattany* |
| | | | MI Hospital, *Engandiyoor* |
| 16 | SAT | Morning | Benefactors' Day, *Marymatha* |
| | | Evening | Reception to New Priest, *Kaveedu* |
| | | | To Banglore |
| 17 | SUN | | Banglore |
| 18-30 | | | Synod |
| 31 | SUN | | ACC Convocation |

# നാളാഗമം

**ജൂൺ 2014**

1. അഭിവന്ദ്യ താഴത്ത് പിതാവ് തൃപ്രയാർ (താന്ന്യം) ഇടവകയിൽ ഇടയസന്ദർശനം നടത്തി.
2. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിജയപുരം ഇടവകയിൽ വി. ബലിയർപ്പിച്ചു. ഒല്ലൂക്കര സെന്റ് വിൻസെന്റ് പള്ളോട്ടൈൻ സെൻട്രൽ സ്കൂളിൽ ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന ഫൊറോന എ. കെ. സി. സി. യോഗത്തിൽ പങ്കെടുത്തു.

3–5 കെ. സി. ബി. സി. യോഗത്തിൽ പങ്കെടുത്തു.

6. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. പെരിഞ്ചേരി തിരുഹൃദയതീർത്ഥകേന്ദ്രത്തിൽ തിരുഹൃദയതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു.
7. അഭിവന്ദ്യ താഴത്ത് പിതാവ് കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ അധ്യാപകരുടെ അവകാശസംരക്ഷണത്തിനായി നടത്തിയ കളക്ടറേറ്റ് ധർണ്ണ ഉദ്ഘാടനം ചെയ്തു. ഡി. ബി. സി. എൽ. സി. യിൽ നടന്ന സംഘടന ആനിമേറ്റേഴ്സ് മീറ്റിൽ പങ്കെടുത്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് ചേർപ്പ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.
9. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആന്റണി തച്ചുപറമ്പിലച്ചന്റെ ശ്രാദ്ധത്തോടനുബന്ധിച്ച് ചേലക്കര പള്ളിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം വൈദികസമിതി യോഗത്തിൽ പങ്കെടുത്തു.
10. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മീറ്റിംഗിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികഏകദിനസമ്മേളനത്തിൽ പങ്കെടുത്തു.
28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടന്ന ഡയാലിസിസ് സംഗമത്തിൽ പങ്കെടുത്തു. ഉച്ചക്കുശേഷം സംഘടനാ ഏകോപനസമിതി യോഗത്തിൽ സംബന്ധിച്ചു.
29. അഭിവന്ദ്യ താഴത്ത് പിതാവ് മുല്ലശ്ശേരി ഇടവകയിൽ ഇടയസന്ദർശനം നടത്തി.
30. അഭിവന്ദ്യ താഴത്ത് പിതാവ് സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു.

# നാമകരണ നടപടികൾ

## A. ദൈവദാസൻ - ആന്റണി തച്ചുപറമ്പിലച്ചൻ

◆ ചേലക്കര സെന്റ് മേരീസ് ഫൊറോന പള്ളിയിൽ പതിവുപോലെ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ സ്മരണയിൽ വെള്ളിയാഴ്ചാചരണം നടന്നു. വിശുദ്ധ കുർബ്ബാനക്ക് നേതൃത്വം നൽകിയത് ബ. അനീഷ് ചിറ്റിലപ്പിള്ളി അച്ചനായിരുന്നു. കുർബ്ബാനമദ്ധ്യേ വചനസന്ദേശവും അച്ചൻ തന്നെ നൽകി.

സുവിശേഷഭാഗ്യങ്ങളായിരുന്നു അച്ചൻ വചനവ്യാഖ്യാനത്തിന് തെരഞ്ഞെടുത്തത്. "ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്ക് കയറി. അവൻ ഇരുന്നപ്പോൾ ശിഷ്യൻമാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി. ആത്മാവിൽ ദരിദ്രർ ഭാഗ്യവാൻമാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്......" സമ്പന്നതയും ആരോഗ്യവും സൗന്ദര്യവും സ്വാധീനവും സൗഭാഗ്യമായി കരുതുന്ന ലോകത്ത് സഹനമേഖലകൾ സൗഭാഗ്യമായി എടുത്തുപറയുന്ന വചനങ്ങൾ ദൈവരാജ്യ സമ്പന്നതയെ ആണ് ലക്ഷ്യം വെയ്ക്കുന്നതെന്ന് അച്ചൻ എടുത്തുപറഞ്ഞു. നീതിക്കുവേണ്ടിയുള്ള പീഡനം, അവഹേളനങ്ങൾ ഉയർത്തുന്ന മാനസിക സഹനം, തിന്മകൾ വ്യാജമായി കേൾക്കേണ്ടി വരിക എന്ന കുരിശ് ഇതൊക്കെ ബഹു. ആന്റണി തച്ചുപറമ്പിലച്ചനും സഹിച്ചു. യഥാർത്ഥ ക്രിസ്തുസാക്ഷിയായിരുന്നു ദൈവദാസൻ എന്നു അനീഷച്ചൻ വിശ്വാസികളെ ഓർമ്മിപ്പിച്ചു. അഷ്ടഭാഗ്യങ്ങളുടെ ആന്തരസത്ത വിശ്വാസികളെ ബോധ്യപ്പെടുത്തി.

## B. ദൈവദാസൻ - ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ

◆ ജൂൺ മാസത്തിലെ രണ്ടാം ശനി ആചരണത്തിന് ഫാ. ഡേവീസ് ചിറമൽ (പുല്ലഴി), സി. ലീന കൈതാരത്ത് സി.എസ്.സി. എന്നിവർ നേതൃത്വം നൽകി. സഹനങ്ങൾ ദൈവത്തോട് ചോദിച്ചു വാങ്ങുകയും അവയെല്ലാം ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതിൽ ഊക്കനച്ചൻ ബദ്ധശ്രദ്ധനായിരുന്നു. കുടുംബജീവിതത്തിലെ സഹനങ്ങളെ ഇതുപോലെ നാം നേരിടണമെന്ന് സി. ലീന വ്യക്തമാക്കി. തിരുക്കുടുംബത്തെ നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും പ്രതിഷ്ഠിക്കാൻ ഊക്കനച്ചൻ പ്രചോദനമാണെന്ന് ഫാ. ചിറമൽ പ്രസ്താവിച്ചു. മനസ്സിനെ ശുദ്ധീകരിച്ച് ഹൃദയം വിശുദ്ധമാക്കി തിരിച്ചറിവുള്ളവരായി നാം മാറണം. ഊക്കനച്ചനിൽ തെളിഞ്ഞു കണ്ട തിരിച്ചറിവുകൾ നമുക്കുണ്ടാകണം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

## 1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ

2014 ജൂലൈ 7

2 2014 ജൂലൈ 7-ാം തിയതി മുതൽ ഇടവകകളുടെ തെരട്ട് അതിരൂപത കച്ചേരിയിൽ സമർപ്പിക്കുന്നത് ആരംഭിച്ചു. ഓരോ ഇടവകയും നിശ്ചയിച്ചിട്ടുള്ള ദിവസവും സമയവും ശ്രദ്ധിച്ച് സ്നേഹപൂർവം സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

**3. സെപ്തംബർ 9-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ / സംഘടനകൾ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്.**

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 9 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് & ലിലിയൻ ഫോണ്ടസ് | സെപ്തംബർ 9 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 9 | 11.00 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 9 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 9 | 12.00 noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 9 | 12.00 noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 10 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 10 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 10 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 10 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 10 | 12.00 noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 11 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 11 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 11 | 11.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 11 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 11 | 12.00 noon |
| 17. മാതൃസംഘം | സെപ്തംബർ 11 | 12.00 noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 12 | 10.00 am |

| | | |
|---|---|---|
| 19. തൊഴിൽ അദ്ധ്യസന പീഠം | സെപ്തംബർ 12 | 10.00 am |
| 20. സി.എൽ.എ, & സാക്രിസ്റ്റ്യൻസ് | സെപ്തംബർ 12 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.സി. | സെപ്തംബർ 12 | 11.00 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 12 | 11.00 am |
| 23. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 12 | 12.00 noon |
| 24. സെന്റ്‌വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 15 | 10.00 am |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 15 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 15 | 11.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 15 | 11.00 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 15 | 12.00 noon |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 15 | 12.00 noon |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 16 | 10.00 am |
| 31. കേറ്റിസം | സെപ്തംബർ 16 | 10.00 am |
| 32. കേറ്റിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 16 | 11.00 am |
| 33. കേറ്റിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 16 | 11.00 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 16 | 12.00 noon |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 16 | 12.00 noon |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 16 | 12.00 noon |
| 37. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി | സെപ്തംബർ 17 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 17 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സെപ്തംബർ 17 | 11.00 am |
| 40. സി.എൽ.സി | സെപ്തംബർ 17 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 17 | 11.00 am |
| 42. കെ.സി.വൈ.എം | | |
| കാത്തലിക് യൂണിയൻ | സെപ്തംബർ 17 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 17 | 12.00 noon |
| 44. ലിജീയൻ ഓഫ് മേരി | സെപ്തംബർ 18 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 18 | 10.00 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 18 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 18 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 18 | 12.00 noon |

| | | |
|---|---|---|
| 49. സ്ലം സർവീസ് | സെപ്തംബർ 18 | 12.00 noon |
| 50. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | സെപ്തംബർ 19 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 19 | 10.00 am |
| 52. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്,ചേലക്കര | സെപ്തംബർ 19 | 11.00 am |
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 19 | 11.00 am |
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 19 | 11.00 am |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 19 | 12.00 noon |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 19 | 12.00 noon |
| 57. ആബാ റിന്യൂവൽ സെന്റർ | സെപ്തംബർ 22 | 10.00 am |
| 58. നസ്രത്ത് സെന്റർ, മുള്ളൂർക്കര | സെപ്തംബർ 22 | 10.00 am |
| 59. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 22 | 11.00 am |
| 60. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 22 | 11.00 am |
| 61. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിറ്റേഷൻ സെന്റർ | സെപ്തംബർ 22 | 11.00 am |
| 62. പോപ്പ് പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 22 | 12.00 noon |
| 63. കലാസദൻ | സെപ്തംബർ 22 | 12.00 noon |
| 64. കാത്തലിക് നേഴ്സസ് ഗിൽഡ് | സെപ്തംബർ 23 | 10.00 am |
| 65. കാത്തലിക് സെന്റർ | സെപ്തംബർ 23 | 10.00 am |
| 66. പാസ്റ്ററൽ സെന്റർ | സെപ്തംബർ 23 | 11.00 am |
| 67. സാവിയോ ഹോം, മനക്കൊടി | സെപ്തംബർ 23 | 11.00 am |
| 68. പബ്ലിക് റിലേഷൻസ് ഡയോമീഡിയ | സെപ്തംബർ 23 | 12.00 noon |
| 69. എം.ഐ.ബോയ്സ് ടൗൺ, ഏങ്ങണ്ടിയൂർ | സെപ്തംബർ 23 | 12.00 noon |
| 70. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | സെപ്തംബർ 24 | 10.00 am |
| 71. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | സെപ്തംബർ 24 | 10.00 am |

| | | |
|---|---|---|
| 72. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 24 | 11.00 am |
| 73. ടി.ടി.ഐ., കുരിയച്ചിറ | സെപ്തംബർ 24 | 11.00 am |
| 74. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 24 | 12.00 noon |
| 75. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ് ) | സെപ്തംബർ24 | 12.00 noon |
| 76. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 25 | 10.00 am |
| 77. ഹോളി ക്രോസ് സ.ബി.എസ്.ഇ.സ്കൂൾ ആർത്താറ്റ് | സെപ്തംബർ 25 | 10.00 am |
| 78. പഴുവിൽ ധ്യാനകേന്ദ്രം | സെപ്തംബർ 25 | 11.00 am |
| 79. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | സെപ്തംബർ 25 | 11.00 am |
| 80. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | സെപ്തംബർ 25 | 11.00 am |
| 81. സെന്റ് തോമാസ് ഹോസ്റ്റൽ | സെപ്തംബർ 25 | 12.00 noon |
| 82. സെന്റ് തോമാസ് കോളേജ് | സെപ്തംബർ 26 | 10.00 am |
| 83 സെന്റർ തോമാസ് എജുക്കേഷൻ സെന്റർ | സെപ്തംബർ 26 | 10.00am |
| 84. കരിസ്മാറ്റിക് മൂവ്മെന്റ് | സെപ്തംബർ 26 | 11.00 am |

## 4. മിഷൻ ഞായർ പിരിവ് :

2013–2014 സാമ്പത്തിക വർഷത്തെ മിഷൻ സൺഡേ വിഹിതം 2014 ആഗസ്റ്റ് 31–ന് മുമ്പ് അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 31.08.2014 വരെ മിഷൻ സൺഡേ വിഹിതം അടച്ചവർക്കുമാത്രമേ സമ്മാനത്തിന് അർഹത ഉണ്ടാവുകയുള്ളൂവെന്ന് പ്രത്യേകം അറിയിക്കുന്നു.

## 5. വരവ്–ചെലവ് കണക്കുകൾ –ജൂൺ 30, 2014

| | | ദുഃഖ വെള്ളി | പെസഹാ വ്യാഴം | ഞായർ പിരിവ് |
|---|---|---|---|---|
| 1. | അടാട്ട് | – | 23780 | – |
| 2. | ചെമ്മണ്ണൂർ | – | 14741 | – |
| 3. | ചേറ്റുപുഴ | 7745 | – | – |

| | | | | |
|---|---|---|---|---|
| 4. | ചിറ്റിശ്ശേരി | 6350 | 17860 | - |
| 5. | എളക്കളത്തൂർ | 3720 | 26000 | - |
| 6. | കാരമുക്ക് നോർത്ത് | - | 10092 | - |
| 7. | കരുമത്ര | 3955 | 16393 | - |
| 8. | കോനിക്കര | 3243 | 14785 | - |
| 9. | കോട്ടപ്പടി | - | 100483 | - |
| 10. | കുററുമാൽ | 2896 | 14665 | - |
| 11. | മുള്ളൂർക്കര | - | 18500 | - |
| 12. | നടാംപാടം | 510 | 2005 | - |
| 13. | നെഹ്റു നഗർ | - | 46450 | - |
| 14. | പാത്രാമംഗലം | 550 | 2500 | - |
| 15. | പൊന്നാനി | - | 12750 | - |
| 16. | പൂത്തറയ്ക്കൽ | - | 16220 | - |
| 17. | വാടാനപ്പിള്ളി | - | 23415 | - |
| 18. | വടൂക്കര | 5313 | 20300 | - |
| 19. | വാക | 1605 | 1625 | - |
| 20. | വേലൂപ്പാടം | - | 40765 | - |
| 21. | അസ്സീസ്സി മഠം, തൃശൂർ | - | - | 200 |

## 6. സാമ്പത്തിക സഹായം

| | | | |
|---|---|---|---|
| തങ്ങാലൂർ | 100000 | വിദ്യാഭ്യാസം | 24000 |
| ഭവനനിർമ്മാണം | 37500 | വിവാഹം | 41800 |
| ചികിത്സ | 53000 | | |

**ഫാ. ജോസ് ചാലക്കൽ,**
ഫിനാൻസ് ഓഫീസർ



# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജോസ് ആലപ്പാട്ട് | 21 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |

| | |
|---|---|
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോസ് ജൂനിയർ കോനിക്കര | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |

## നാമഹേതുകതിരുനാളുകൾ

| | |
|---|---|
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ഡേവിസ് സീനയർ ചിറമ്മൽ | 21 |
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജോൺസൻ ഊക്കൻ | 29 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26-08-1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17-08-1903 |

| | |
|---|---|
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15-08-1917 |
| മോൺ. ജോൺ പാലോക്കാരൻ | 19-08-1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15-08-1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17-08-1954 |
| ഫാ. ജേക്കബ് പനക്കൽ | 04-08-1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07-08-1955 |
| ഫാ. ജോർജ്ജ് പാനികുളം | 14-08-1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21-08-1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03-08-1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27-08-1968 |
| ഫാ. ജോസഫ് തറയിൽ | 11-08-1969 |
| ഫാ. ജേക്കബ് ആളൂർ | 11-08-1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25-08-1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26-08-1978 |
| ഫാ. ജോസഫ് പുളിക്കൻ | 09-08-1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12-08-1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30-08-1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08-08-2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13-08-2005 |
| ഫാ. പോൾ അരിക്കാട്ട് | 16-08-2005 |
| ഫാ. ആന്റണി പൊറത്തൂർ | 04-08-2007 |
| ഫാ. ജെയിംസ് ആളൂർ | 17-08-2009 |

അതിരൂപതയുടെ സ്മരണാഞ്ജലി

# ആദരാഞ്ജലികൾ

## റവ. ഫാ. സിറിയക് മണ്ടുംപാല

**(25.10.1931 - 27.06.2014)**



തൃശൂർ അതിരൂപതയിലെ വൈദികൻ റവ. ഫാ. സിറിയക് മണ്ടുംപാല (82) 2014 ജൂൺ 27ന് വെള്ളിയാഴ്ച പുലർച്ചെ 4:30ന് അന്തരിച്ചു.

റവ. ഫാ. സിറിയക് മണ്ടുംപാല, ബ്രഹ്മകുളം ഇടവകയിലെ മണ്ടുംപാല വറീത് - മറിയം ദമ്പതികളുടെ മകനായി 1931 ഒക്ടോബർ 25ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1960 മാർച്ച് 13ന് മാർ ജോർജ് ആലപ്പാട്ട് പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

അമ്പഴക്കാട്, വടക്കാഞ്ചേരി പള്ളികളിൽ അസ്തേന്തിയായും, എളവംപാടം, മേലാർക്കോട്, മുല്ലശ്ശേരി, വടക്കൻപുതുക്കാട്, മൂന്നുമുറി, അമ്പനോളി, കൊടുങ്ങ, മുരിക്കിങ്കൽ, വടക്കാഞ്ചേരി, മുള്ളൂർക്കര, തിരുത്തിപ്പറമ്പ്, ഒല്ലൂർ, പടവരാട്, പാലയൂർ, ഒരുമനയൂർ, കോട്ടപ്പടി, കൊട്ടേക്കാട്, തങ്ങാലൂർ, അമ്മാടം, വേലൂപ്പാടം, ചേലക്കര, മണലൂർകിഴക്ക്, മങ്ങാട്, കരുമത്ര എന്നിവിടങ്ങളിൽ വികാരിയായും രാമവർമ്മപുരം ക്രൈസ്റ്റ് വില്ലയുടെ ഡയറക്ടറായും അതിരൂപതയിലെ അതിർത്തിനിർണ്ണയകമ്മിറ്റി

കൺവീനറായും സേവനം ചെയ്തിട്ടുണ്ട്. 2010 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

ജേക്കബ്, റവ. സി. റെമി എഫ്. സി. സി, പരേത രായ ലൂവിസ്, തോമസ് എന്നിവർ സഹോദരരാണ്.

മൃതദേഹം ജൂൺ 27ന് വെള്ളിയാഴ്ച രാവിലെ മുതൽ വൈകിട്ട് 5 വരെ തൃശൂർ സെന്റ് ജോസഫ് വൈദി കമന്ദിരത്തിലും തുടർന്ന് ബ്രഹ്മകുളത്തുള്ള സഹോദരൻ ജേക്കബിന്റെ ഭവനത്തിലും പൊതുദർശനത്തിന് വച്ചു. ജൂൺ 28 ശനിയാഴ്ച രാവിലെ 9 മണിക്ക് സഹോദരൻ ജേക്കബിന്റെ ഭവനത്തിൽ വച്ചുനടന്ന മൃതസംസ്ക്കാര ശുശ്രൂഷകളുടെ ആദ്യഭാഗത്തിന് അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ജെയ്ക്കബ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വ ത്തിൽ ബ്രഹ്മകുളം പള്ളിയിൽ നടന്ന ദിവ്യബലി ക്കുശേഷം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാ പ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ മൃതസം സ്ക്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. ബഹു. ജോസഫ് പുളി ക്കൻ അച്ചൻ ദിവ്യബലിമദ്ധ്യേ അനുസ്മരണ സന്ദേശം നല്കി. മാർ ജെയിംസ് പഴയാറ്റിൽ പിതാവ് അന്തിമോപ ചാരമർപ്പിച്ച് പ്രാർത്ഥിച്ചു.

കർത്താവിന്റെ മുന്തിരിത്തോപ്പിൽ അഹോരാത്രം അധ്വാനിച്ച സിറിയക് അച്ചനെ അവിടുന്ന് നിത്യസമ്മാനം നൽകട്ടെ.

**അതിരൂപതയുടെ പ്രാർത്ഥനാപൂർണ്ണമായ**

**സ്മരണാഞ്ജലി**

# സന്ന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

11/05/2014. സി.എസ്.സി. കോലഴി മരിയഭവൻ ജനറലേറ്റിൽ ബഹു. മദർ ആശയുടെ അദ്ധ്യക്ഷതയിൽ ഫോർമേഷൻ മീറ്റിംഗ് നടന്നു.

കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. മദർ മരിയ പ്രീതി സി.എസ്.സി. യും ബഹു. സി. ഉദയയും ജനറലേറ്റിൽ വച്ച് നടന്ന Formation ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

22/05/2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻസിന്റെ 3 അർത്ഥിനികൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ചൊവ്വൂർ സെന്റ്. തോമസ് കത്തോലിക്കപള്ളിയിൽ വച്ച് സഭാവസ്ത്രസ്വീകരണവും ആദ്യവ്രതാർപ്പണവും നടത്തി.

കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ച നവസ്യാസിനികൾക്ക് ഹൃദ്യമായ സ്വീകരണം നൽകി.

29/05/2014. സി.എസ്.സി. കോലഴി മരിയഭവൻ ജനറലേറ്റിൽ വച്ച് മെയ് 22ന് ആദ്യവ്രതവും സഭാവസ്ത്രസ്വീകരണവും നടത്തിയ നവസ്യാസിനികൾക്ക് സ്വീകരണം നൽകി.

01/06/2014. സി.എച്ച്.എഫ്. ഈ വർഷത്തെ ഓർഗനൈസ്ഡ് ജൂനിയറേറ്റ് കോഴ്സ് ജനറലേറ്റിൽ ആരംഭിച്ചു. 19 സിസ്റ്റേഴ്സ് പ്രാർത്ഥനാ ശുശ്രൂഷയോടെ കോഴ്സിൽ പ്രവേശിച്ചു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രോവിൻഷ്യൽഹൗസിൽ 7 അർത്ഥിനികൾ Pre -Aspirancy പ്രവേശിച്ചു.

എഫ്.സി.സി. 2, 3 തീയതികളിലായി എറണാകുളത്തുവെച്ച് നടന്ന KCMS ന്റെ മീറ്റിംഗിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത സംബന്ധിച്ചു.

05/06/2014. എഫ്.സി.സി. കുട്ടംകുളം ആബ്ബാ കോൺവെന്റിൽ 10 അർത്ഥിനികൾ Come & See യിലേക്ക് പ്രവേശിച്ചു.

എസ്.എ.ബി.എസ്. പടവരാട് നോവിഷ്യറ്റ്ഹൗസിൽ നോവിസസിന്റെ Parents' day ആഘോഷിച്ചു. അന്നേ ദിവസം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിക്കു

കയും നോവിസസിന് ആത്മീയോപദേശം നൽകുകയും ചെയ്തു.

സി.എസ്.എം. North Provincial സി. ബിയാട്രീസ് മദ്ധ്യപ്രദേശിൽ സാഗറിൽ 1-ാം തിയ്യതി മുതൽ 7-ാം തിയ്യതി വരെ (മിഷൻ സ്റ്റേഷനുകളിൽ) കാനോനിക സന്ദർശനം നടത്തി.

10/06/2014. സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ സി.ഫിലോ ജോസഫ് ഭൂവനേശ്വർ, ഭദ്രക്ക് എന്നീ സ്ഥലങ്ങളിലെ ഹോളിഫാമിലി ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

12/06/2014. സി.എം.സി. വാ. ചാവറപിതാവിന്റെയും വാ.എവുപ്രാസ്യമ്മയുടെയും വിശുദ്ധ പദപ്രഖ്യാപനം നവംബർ 23 നാണെന്ന് കർദ്ദിനാൾമാരുടെ മീറ്റിങ്ങിൽ പ്രഖ്യാപിച്ചു. അന്നേദിനം 5 മണിക്ക് നന്ദിസൂചകമായി മാർ ജേക്കബ് തൂങ്കുഴി പിതാവ് ഒല്ലൂർ മഠം ചാപ്പലിൽ വി. ബലി അർപ്പിച്ചു. ജനറൽ സുപ്പീരിയറും കൗൺസിലേഴ്സും പ്രൊവിൻഷ്യൽ സുപ്പീരീയറും കൗൺസിലേഴ്സും ധാരാളം സിസ്റ്റേഴ്സും ജനങ്ങളും പങ്കെടുത്തു.

13/06/2014. എസ്.എ.ബി.എസ്. IInd year Novices Velupadam, Palayoor എന്നീ ഭവനസമൂഹങ്ങളിൽ Regency നടത്തുന്നു.

14/06/2014. സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് എല്ലാ സന്യാസ അർത്ഥിനികൾക്കായി വ്യക്തിത്വവികസന ക്ലാസ്സ് സംഘടിപ്പിച്ചിരുന്നു. പ്രൊഫ. എഡിസ ആയിരുന്നു ക്ലാസ്സ് നയിച്ചത്.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രോവിൻഷ്യൽ ഹൗസിൽവച്ച് സി. അൽഫോൻസ മൂഞ്ഞേലിയുടെ നേതൃത്വത്തിൽ 2 ദിവസത്തെ Junior sisters' gathering സംഘടിപ്പിച്ചു.

സി.എം.സി. പരി. ത്രിത്വത്തിന്റ തിരുനാൾ സാഘോഷം കൊണ്ടാടി. വർണ്ണപകിട്ടാർന്ന പരിപാടികളോടെ ബൈബിൾ വാരം ആചരിച്ചു.

എസ്.എ.ബി.എസ്. കോഗ്രിഗേഷൻ ഡേ ആയ ദിവ്യകാരുണ്യ തിരുനാൾ എല്ലാ ഭവനസമൂഹങ്ങളിലും വളരെ ആഘോഷമായി ആചരിച്ചു. ദിവ്യബലിമധ്യേ സിസ്റ്റേഴ്സ് വ്രതം നവീകരിച്ചു. ദിവ്യകാരുണ്യതിരുാളിനൊരുക്കമായി 9 ദിവസത്തെ നവനാളും തിരുമണിക്കൂറും സമാപനദിനത്തിൽ സ്നേഹവിരുന്നും നടത്തി.

എസ്.എൻ.ഡി.എസ്. സിസ്റ്റർ മേരി തൃക്കൂക്കാരൻ ചെയ്ത

സേവനത്തെ ആദരിച്ച് മേയ് 20 ന് തൃശ്ശൂർ അതിരൂപതാദിനത്തിൽ ഒല്ലൂർ ഫൊറോന ദേവാലയത്തിൽവച്ചും, ജൂൺ 01 ന് അയ്യന്തോൾ മേഖല മർച്ചന്റ് അസോസിയേഷൻ വനിതാവിംഗ് കൺവെൻഷനും അവാർഡുകൾ നൽകി.

എഫ്.സി.സി. വെട്ടുകാട് സ്നേഹാശ്രമത്തിൽ വെച്ച് നടന്ന ജയിൽ മിനിസ്ട്രിയുടെ മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും പടവരാട് സെന്റ് ട്രീസാസ് ഭവനാംഗമായ സി. പാട്രികും പങ്കെടുത്തു.

ജൂൺ മാസത്തിലെ ഉപവാസപ്രാർത്ഥനാസമ്മേളനം ബ്രഹ്മകുളം ഹോളിഫാമിലി മഠത്തിൽ വെച്ച് നടന്നു.

25/06/2014. എഫ്.സി.സി. ആദ്യവ്രതവാഗ്ദാനത്തിനൊരുക്കമായി മുട്ടുച്ചിറയിൽ വെച്ച് നടക്കുന്ന 30 ദിവസ ധ്യാനത്തിൽ രണ്ടാം വർഷ നോവീസസ് സംബന്ധിക്കുന്നു.

26/06/2014. സി.എച്ച്.എഫ്. ചെമ്പൂക്കാവ് ഹോളിഫാമിലി ഹൈസ്ക്കൂൾ മെറിറ്റ് ഡേ ആഘോഷമായി നടത്തി. നവജ്യോതി എഡ്യുക്കേഷൻ കൗൺസിലർ റവ. സി. ജെസ്സിൻ തെരേസ് അവാർഡ് ജേതാക്കൾക്ക് അവാർഡുകൾ നൽകി ആശംസകൾ അർപ്പിച്ചു. ചെമ്പൂക്കാവ് ഹോളിഫാമിലി ഹയർ സെക്കന്ററി സ്ക്കൂൾ മെറിറ്റ് ഡേ ഘോഷിച്ചു. നവജ്യോതി കൗൺസിലർ റവ. സി. ലീന ജോ അവാർഡ് ജേതാക്കൾക്ക് അവാർഡുകൾ നൽകി ആശംസകൾ അർപ്പിച്ചു.

27/06/2014. സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി ബി.എഡ് കോളേജിന്റെ അവാർഡ് നടത്തി. പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ് അവാർഡ് ജേതാക്കൾക്ക് അവാർഡുകൾ നൽകി ആശംസകൾ അർപ്പിച്ചു.

സി.എസ്.എം. North പ്രൊവിൻസിലെ ഹോളിസ്പിരിറ്റ് കോൺവെന്റിന്റെ ഫീസ്റ്റിന് ചാൻസലർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിന്റെ ദിവ്യബലിയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു. ലൂർദ്ദ്നാഥാ പ്രൊവിൻസിലെ ബഹു. വൈദീകരും പങ്കെടുത്തു.

28/06/2014. സി.എം.സി. സുപ്പീരിയേഴ്സ്, ഹെഡ്മിസ്ട്രസ്സ്, ട്രഷറർ എന്നിവരുടെ സംയുക്തമീറ്റിങ്ങ് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തുകയുണ്ടായി. ഓഡിറ്റർ പോൾസൺ സർ അക്കൗണ്ടിനെ കുറിച്ചുള്ള ഓറിയന്റേഷൻ ക്ലാസ്സ് കൊടുത്തു.

29/06/2014. എസ്.എ.ബി.എസ്. വി. പൗലോസിന്റെ തിരുനാൾ ദിനമായ ഇന്ന് എല്ലാ ഭവനസമൂഹങ്ങളിലും സീനിയേഴ്സ്ഡേ ആഘോഷിച്ചു. പരിപാടികൾക്ക് ജൂനിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി. തിരുമണിക്കൂർ, സ്നേഹവിരുന്ന്, കലാപരിപാടികൾ എന്നിവ ഈ ദിനത്തെ ഏറെ മനോഹരമാക്കി.

06/07/2014. സി.എം.സി. സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സുവർണ്ണ ജൂബിലി മൂന്നു ദിവസമായി ആഘോഷിച്ചു.

## ആദരാഞ്ജലികൾ



11/06/2014. സി.എം.സി. ചൂണ്ടൽ മരീനഹോമിൽ വച്ച് സി. ഡൺസ്റ്റൺ അന്ത്യകൂദാശകൾ നിര്യാതയായി. വികാരി ജനറാൾ ജോർജ്ജ് എടക്കളത്തൂർ അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും പാവറട്ടി ക്രിസ്തുരാജ മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



27/06/2014. സി.എം.സി. സെന്റ് പോൾസ് മഠത്തിലെ സി. അൽമാക്കിയ നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



05/07/2014. എഫ്.സി.സി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. നോർബർട്ടമ്മ 56 വർഷത്തെ തന്റെ സഹന ബലി പൂർത്തിയാക്കി ജൂലൈ 5-ാം തീയതി നിര്യാതയായി. ജൂലൈ 7-ാം തീയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മരത്താക്കര മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ അമ്മയുടെ പൂജ്യശരീരം സംസ്കരിച്ചു.

സി. ആർ. ഐ. സെക്രട്ടറി

**സി. ഡോണ കുമ്പുക്കൽ SNDS**

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.com|

പരിശുദ്ധ കന്യാമറിയത്തിന്റെ *"സ്വർഗ്ഗാരോപണ തിരുന്നാൾ ആശസകൾ"* എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും നേരുന്നു.

നമ്മുടെ അമ്മയും ദൈവമാതാവുമായ പരിശുദ്ധകന്യകാമറിയത്തോട് മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഈശോയിലേയ്ക്കടുക്കുവാൻ ഈ മാസം കൂടുതൽ പരിശ്രമിക്കാം. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും ഈ മാസം നാം അനുസ്മരിക്കുന്ന വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെയും പ്രാർത്ഥനാസഹായം യാചിച്ച് വിശ്വാസപരിശീലനത്തിൽ മുന്നേറാം.

- **ഡയറക്ടർമാർ സന്ദർശിച്ച മതബോധന യൂണിറ്റുകൾ:**

  പുതുശ്ശേരി, വടൂക്കര, വെസ്റ്റ് ഫോർട്ട്, തങ്ങാലൂർ, തിരൂർ, പറപ്പൂർ

### 1. മതബോധന സമ്മാന വിതരണമേള (15th August, 2014 Friday)

ഈ വർഷത്തെ സമ്മാന വിതരണമേള ആഗസ്റ്റ് 15, 2.00 pmന് മതബോധന കേന്ദ്രത്തിൽവെച്ച് നടത്തപ്പെടുന്നതാണ്. അതിരുപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മേള ഉദ്ഘാടനം ചെയ്യുന്നതും സമ്മാനവിതരണം നടത്തുന്നതുമായിരിക്കും. എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു. 2013 –2014 അദ്ധ്യയനവർഷത്തെ താഴെ പറയുന്ന ഇനങ്ങൾക്കാണ് സമ്മാനങ്ങൾ നൽകുന്നത്.

**A. Sunday Catechism**

a) Std. XII Rank Holders

b) Scholarship Examination Rank Holders

**B. School Catechism & Moral Science**

Scholarship Examination Rank Holders

**C. Trophies**

a) School Catechism & Moral Science Examination (Highest Points)

L.P Section (First), U.P. Section (First), H.S Section (First)

b) Sunday Catechism (Highest Points) First & Second

c) Sunday Catechism Model Units

i) Forane Level (16) ii). Archdiocesan Level (1)

**Unit/School അധികൃതരുടെ ശ്രദ്ധയ്ക്ക്**

- ♦ അധികൃതർ വഴിയായി സമ്മാനർഹരെ പ്രത്യേകം അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. സമ്മാനർഹരെ പറഞ്ഞയക്കേണ്ട കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
- ♦ ആഗസ്റ്റ് 15-ാം തിയ്യതിയിലെ സമ്മേളനത്തിലേക്ക് ഹെഡ്മാസ്റ്ററേയും സെക്രട്ടറിയേയും പ്രത്യേകം ക്ഷണിക്കുന്നു.
- ♦ സമ്മാനർഹരായ കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളേയും പറഞ്ഞയക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.
- ♦ ട്രോഫിക്ക് അർഹരായവർ പ്രതിനിധികളേയും കൊണ്ടുവരുമല്ലോ.
- ♦ അതിരൂപതാ മതബോധന കമ്മീഷൻ പി.ടി.എ. കേന്ദ്രകമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## 2. Highest Points Scored in Archdiocesan Examinations etc.

**a) Sunday Catechism**

**First** : St. Thomas Church, Thiroor

**Second** : Sacred Heart Church, Perinchery

**b) School Catechism & Moral Science - First**

**LP** : Sacred Heart CLPS, Thrissur

**UP** : Lourde Matha EHS, Cherpu

St. Mary's CGHS, Ollur

**HS** : St. Thomas HSS, Vallchira

Christ King CGHS, Pavaratty

## 3. ACC Convocation 31st August

ഒരു എകദിന പരിപാടിയായി ACC Convocation നടത്തുന്നതാണ്. വിശദവിരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. Diplomaക്ക് അർഹതയുള്ളവരെ ഇവിടെനിന്നും അറിയിക്കുന്നുണ്ട്. എങ്കിലും ആ കുട്ടികളെ പറഞ്ഞയ്ക്കുവാൻ ശ്രമിക്കുമല്ലോ.

## 4. കുട്ടികൾക്കുള്ള ഡയറി

കുട്ടികൾക്കുള്ള ഡയറി തയ്യാറാക്കിയിരിക്കുന്ന യുണിറ്റുകൾ ഡയറിയുടെ രണ്ടുകോപ്പിവീതം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു. വളരെ മാതൃകാപരമായ, അനുകരണീയമായ പല ഡയറികളും പല യൂണിറ്റുകളും തയ്യാറാക്കുന്നതിൽ സന്തോഷമുണ്ട്. വിശ്വാസപരിശീലനത്തിൽ വി. കുർബ്ബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബ്ബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ "വി. കുർബ്ബാനയുടെ പുസ്തകം" ഉപയോഗിക്കുവാൻ മതാദ്ധ്യാപകർ പ്രോത്സാഹിപ്പിക്കണം. ഇതിനായി ഡയറിയിൽ വി. കുർബ്ബാന അച്ചടിക്കുന്ന രീതിയല്ല സ്വീകരിക്കേണ്ടത്. കുട്ടികൾക്കുവേണ്ടി പ്രത്യേകമായി തയ്യാറാക്കിരിക്കുന്ന കുർബാന പുസ്തകം മതബോധനകേന്ദ്രത്തിലെ ബുക്ക് സ്റ്റാളിൽ നിന്നും ലഭ്യമാണ്. മദർ തെയദോറിന്റെ അനാഫൊറ ഉൾപ്പെടുത്തിയ കുർബാന പുസ്തകം ലഭ്യമാണ്.

## 5. Syro-Malabar Church Catechetical Award for Std. XII Students 2013 - 2014

Std. XII ൽ തിരഞ്ഞെടുക്കപ്പെട്ട 4 കുട്ടികളുടെ (2 Boys & 2 Girls) പ്രവേശന ഫോം മാത്രമേ മതബോധനകേന്ദ്രത്തിലേക്ക് അയയ്ക്കേണ്ടതുള്ളു. ബാക്കി യൂണിറ്റിൽ തന്നെ വെച്ചാൽ മതി. നിർദ്ദേശങ്ങളും Forms-ഉം വാങ്ങി കൊണ്ടുപോകാത്തവർ എത്രയും വേഗം വാങ്ങിക്കൊണ്ടുപോകുവാൻ ഓർമ്മിപ്പിക്കുന്നു.

ഫൊറോന തലത്തിലും അതിരൂപതാതലത്തിലും SMCC Award ന് ക്ലാസ്സ് എടുക്കുവാൻ Resource Full ആയ അദ്ധ്യാപകരുടെ പേരുകൾ ഡയറക്ടറെ അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഫൊറോന തല ക്ലാസ്സുകൾ (Half Day Workshop) ഫൊറോന കേന്ദ്രങ്ങളിലാണ് നടത്തപ്പെടുക.

## 6. One Day seminar for Teachers at Catechetical Centre

| | |
|---|---|
| Std. XI | 3rd August |
| Std. XII & ACC | 10th August |

മതാദ്ധ്യാപകർ അവർ പഠിപ്പിക്കുന്ന ക്ലാസ്സുകളിലെ Text Book, Bible and Note Book കൊണ്ടുവരേണ്ടതാണ്.

## 7. മതബോധന കേന്ദ്രത്തിൽ ലഭിക്കേണ്ട Statistics etc.

ജൂലൈ 10 ന് ഇവിടെ ലഭിക്കേണ്ട എല്ലാം ഏതെങ്കിലും യൂണിറ്റ് തന്നിട്ടില്ലെങ്കിൽ ഉടനെതന്നെ എത്തിച്ചുതരണം.

Service Award ഒഴികെ See Annual Programme P. 31

## 8. CTC (Basic) - Last Batch of the year

22nd August Friday 5 pm to 24th August Sunday 5 pm.

പല യൂണിറ്റുകളുടെയും ആവശ്യപ്രകാരം CTC (Basic) ഒരു ബാച്ച് കൂടി നടത്തുന്നതാണ്. എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യുവാൻ താത്പര്യപ്പെടുന്നു. ഈ ബാച്ചോടുകൂടി യൂണിറ്റിൽ CTC Basicൽ പങ്കെടുക്കാത്തവർ ഉണ്ടാകരുത്. മതാദ്ധ്യാപനത്തിന് നിർബന്ധമായും CTCയിൽ പങ്കെടുത്തിരിക്കണം. ബഹു. വൈദികരും ഹെഡ്മാസ്റ്റേഴ്സും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും 1985 മുതൽ CTCയിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ആവശ്യമെങ്കിൽ മതബോധനകേന്ദ്രത്തിൽ നിന്ന് വികാരിയച്ചനോ ഹെഡ്മാസ്റ്റർക്കോ നൽകുന്നതാണ്.

*സ്വാതന്ത്ര്യദിനാശംസകളോടെ,*

**Fr. Antony Mecheripidy**
Asst. Director

**Fr. Jiphy Mekkattukulam**
Director

## ACC Three Year Diploma Course Successfully Completed 2011 - 2014

**Ist Rank**



**Anisha Joseph C.**
Aranattukara

**IInd Rank**



**Teji Joy K.**
Chevoor

**IIIrd Rank**



**Varsha Varghese**
Ammadam

## ACC Annual Examination - 2014

**First**



**Haritha Therese Joseph**
Nirmalapuram

**Second**



**Sneha Simon**
Chengalur

**Third**



**Minu Jose**
Puthur

## Std XII Annual Common Examination Feb. 2014

**I^st^ Rank**



**Davis Jose**
Chiyyaram

**II^nd^ Rank**



**Maria C. Varghese**
Valappad

**III^rd^ Rank**



**Jesmin Joseph**
Pavaratty

## Sunday Catechism Scholarship Examination April 2014 - First Ranks

**Std. IV**



**Aneeta Joju**
Chittissery

**Std. V**



**Merin Thomas**
Nehru Nagar

**Std. VI**



**Irene Biju**
Catheedral

**Std. VII**



**Helna Henry**
Perinchery

**Std. VIII**



**Alna Benny**
Vijayapuram

**Std. IX**



**Rose Muttath**
Kottapadi

**Std. X**



**Edhna Jimmy**
Ollur

**Std. XI**



**Shilsha Paul**
Pudukad

## School Catechism Scholarship Examination April 2014 - First Ranks

**Std. IV**



**Anugraha Denny**
Sacred Heart CLPS,
Thrissur

**Std. VII**



**Helna Henry**
Lourde Matha Eng.
H.S., Cherpu

**Std. X**



**Angel John E.**
St. Thomas HSS,
Vallachira

## Moral Science Scholarship Examinations April 2014 - First Ranks

**Std. IV**



**Krishna Ramachandran**
Sacred Heart CLPS,
Thrissur

**Std. VII**



**Anupama S. Kumar**
St. Mary's CGHS,
Ollur

**Std. X**



**Shamnas P. I.**
Christ King CGHS
Pavaratty

## Full Attendance for 15 years

**Student
Std. I to Acc**



**Dinni Davis C.**
Manalur East

***Congratulations!***

# മേരിമാതാ മേജർ സെമിനാരി

- **ദുക്റാന തിരുനാൾ – ജൂലൈ 3**

ക്രിസ്തീയ വിശ്വാസത്തിൽ കേരളീയർക്ക് ജന്മം നൽകിയ മാർതോമാ ശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ന് സെമിനാരിയിൽ ആഘോഷിച്ചു. തിരുനാൾ ദിവസം രാവിലെ ബഹു. റോയ് മൂക്കനച്ചന്റെ കാർമ്മികത്വത്തിൽ റാസ കുർബ്ബാന നടത്തി. തോമാശ്ലീഹായെപ്പോലെ അനുദിനജീവിതത്തിൽ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുവാങ്ങേണ്ടവരാണ് നാമോരോരുത്തരുമെന്ന് ബഹു. ഡേവീസ് കാവുങ്കലച്ചൻ തിരുനാൾ സന്ദേശത്തിലൂടെ വ്യക്തമാക്കി. തിരുനാൾ ദിനത്തിൽ തോമാശ്ലീഹ സ്ഥാപിച്ച പാലയൂർ ദേവാലയത്തിലേക്ക് തീർത്ഥാടനത്തിനുള്ള അവസരവും സെമിനാരി ഒരുക്കി.

- **സർഗ്ഗജ്യോതി മിഴി തുറന്നു – ജൂലൈ 3**

ദുക്റാന തിരുനാൾ ദിനത്തിൽ മേരിമാതാ മേജർ സെമിനാരിയിലെ കലാസാഹിത്യ വേദിയായ സർഗ്ഗജ്യോതി പ്രശസ്ത സിനിമ പശ്ചാത്തല സംഗീത സംവിധായകൻ ശ്രീ. മേജോ ജോസഫ് ഉദ്ഘാടനം ചെയ്തു. ഓരോ ജീവിതാന്തസ്സിലൂടെയും ദൈവം പറയണമെന്ന് ആഗ്രഹിക്കുന്നത് പറയുക. കലാപരമായ കഴിവുകൾ അതിനുവേണ്ടി ഉപയോഗിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിന് ഫാ. റെക്ടർ അദ്ധ്യക്ഷത വഹിച്ചു തിരുനാൾ സന്ധ്യയിൽ സെമിനാരി സമൂഹം ഒരുക്കിയ നാടകം 'മഹാനായ മത്തായി' കുടുംബങ്ങൾക്ക് നഷ്ടമാകുന്ന സ്നേഹവും സമ്പത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലും വ്യക്തമാക്കുന്നതായിരുന്നു.

- **മാസധ്യാനം – ജൂലൈ 5**

പൗരോഹിത്യജീവിതത്തിൽ സ്വന്തമാക്കേണ്ട ദൈവത്തിന്റെ അരൂപിയെക്കുറിച്ചും അതിലൂടെ സാധ്യമാകുന്ന ദൈവ-മനുഷ്യ ഐക്യത്തെക്കുറിച്ചും വ്യക്തമാക്കുന്നതായിരുന്നു ജൂലൈ 5-ന് നടന്ന ധ്യാനം. വൈദികപരിശീലനത്തിലൂടെ സ്വന്തമാക്കേണ്ട വിശുദ്ധിയെയും ലൗകിക മോഹങ്ങൾ വെടിയാനുള്ള വിളിയെയും ബഹു. സണ്ണി കുറ്റിക്കോട്ടയിലച്ചൻ ധ്യാനചിന്തകളിലൂടെ വ്യക്തമാക്കി.

- **A Symposium on Becoming the Body of Christ towards Eucharistic Communion - July 11, 12**

സഭയുടെ അജപാലന അഭിരുചികളെ മനസ്സിലാക്കുവാനും അജപാലനരംഗത്ത് സഭ നേരിടുന്ന വെല്ലുവിളികളെ തരണം ചെയ്യുവാനും കാതോ

ലിക് യൂണിവേഴ്സിറ്റി ലൂവെന്റെയും മേരിമാതാ സെമിനാരിയുടെയും നേതൃത്വത്തിൽ ഏഴാമത്തെ സിമ്പോസിയം (Mary Matha Encounters of Pastoral Challenges MEPC-7) ജൂലൈ 11, 12 തിയ്യതികളിൽ മേരിമാത സെമിനാരിയിൽ നടന്നു. Becoming the Body of Christ towards Eucharistic Communion എന്ന വിഷയം വ്യത്യസ്ത മാനങ്ങളിൽ ചർച്ച ചെയ്തു. Dr. Errol D' Lima SJ സിമ്പോസിയത്തിന്റെ പ്രധാന പ്രബന്ധം അവതരിപ്പിച്ചു. പതിനാറോളം വിഷയാവതരണങ്ങളിലൂടെ സഭയെ പടുത്തുയർത്തുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്ന വി. കുർബ്ബാന കൂടുതൽ മനസ്സിലാക്കുന്നതിനും ചർച്ച ചെയ്യപ്പെടുന്നതിനും കാരണമായി. പഠന ശിബിരത്തിൽ Dr. Joris Geldhof (Leuven), Dr. Sebastian Chalakkal, Dr. Jose Mariadan OSC, Dr. C. J. Davis, Fr. Jacob Thekkanath, Dr. James Menachery തുടങ്ങിയ പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

- **A Day for Outing - July 19**

ഈ വർഷത്തെ വൺ ഡേ ഔട്ടിംഗ് വൈദികവിദ്യാർത്ഥികൾക്ക് സന്തോഷകരമായ ദിനമായിരുന്നു. കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശൂരിലെ ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാൻ ലഭിച്ച അവസരം നല്ല രീതിയിൽ സഹോദരർ ഉപയോഗിച്ചു. വൈദികപരിശീലനത്തിനിടയ്ക്ക് ലഭിക്കുന്ന ഉല്ലാസ അവസരങ്ങൾ തൃശൂരിന്റെ സാംസ്ക്കാരിക തനിമ മനസ്സിലാക്കുന്നതിനുള്ള അവസരമായും വൈദികാർത്ഥികൾ ഉപയോഗിച്ചു.

- **അൽഫോൻസാദിനം – ജൂലൈ 28**

സീറോ മലബാർ സഭയിലെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ സെമിനാരി സമൂഹം ഭക്തിപൂർവ്വം ആഘോഷിച്ചു. തിരുനാൾ ദിനത്തിന്റെ സായാഹ്നത്തിന് വർണ്ണം ചാർത്താൻ ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ വ്യത്യസ്തവും പുതുമയുമാർന്ന കലാവിരുന്ന് അവതരിപ്പിച്ചു.

- **ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. ആന്റണി മഠത്തുംപടി, ഇരവിമംഗലം & ശ്രീ. ജെസ്റ്റിൻ മേലേത്ത്, മുംബൈ

## Individual Benefactor Membership

1. ശ്രീ. സ്റ്റാൻലി വർഗ്ഗീസ് & ശ്രീമതി റോസ്മേരി സ്റ്റാൻലി, മുട്ടത്ത് ഹൗസ്, മുണ്ടൂർ
2. ശ്രീ. ടി. വി. റോബർട്ട്, താണിക്കൽ ഹൗസ്, പുത്തൻപീടിക
3. ശ്രീ. ബിജു ജോർജ്ജ് സി., ചിറ്റിലപ്പിള്ളി കുഞ്ഞാപ്പു ഹൗസ്, എൽത്തുരുത്ത്

## Individual Wellwisher Membership

1. ശ്രീ. വി. സി. വറീത് മാസ്റ്റർ (Late), വടക്കേത്തല ഹൗസ്, ഗുരുവായൂർ
2. ശ്രീ. മാർട്ടിൻ സി. എക്സ്, ചാലിശ്ശേരി ഹൗസ്, വെളുത്തൂർ

**ഫാ. ബാബു പാണാട്ടുപറമ്പിൽ**
റെക്ടർ

PH : 2420891

# സെന്റ് മേരീസ് മൈനർ സെമിനാരി

- **സ്തുത്യർഹമായ ശുശ്രൂഷയ്ക്ക് കൃതജ്ഞത**

ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ നിസ്തുലങ്ങളായ സേവനങ്ങൾക്കു ശേഷം മൈനർ സെമിനാരി റെക്ടറായിരുന്ന ബഹു. റോയ് മൂക്കനച്ചൻ മേരിമാതാ മേജർ സെമിനാരിയിലേക്ക് 2014 മെയ് 31-ന് യാത്രയായി. ആത്മാർത്ഥമായിട്ടുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകളെ ഏറെ വിലമതിക്കുകയും കൃതജ്ഞതയോടെ ഓർക്കുകയും ചെയ്യുന്നു. പുതിയ ശുശ്രൂഷാ നിയോഗങ്ങൾ ഏറ്റെടുത്തിരിക്കുന്ന അച്ചന് പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു.

- **ഹൃദ്യമായ സ്വാഗതം സ്വാഗതം**

മൈനർ സെമിനാരി റെക്ടറായി 2014 മെയ് 31ന് ചാർജ്ജെടുത്ത ബഹു. ജെയ്സൺ കൂനംപ്ലാക്കൽ അച്ചന് സെമിനാരി കുടുംബത്തിലേയ്ക്ക് സ്വാഗതം.

- **നവാഗതർക്ക് സ്വാഗതം**

ഈശോയുടെ തിരുഹൃദയത്തിനിണങ്ങിയ വൈദികരാവുക എന്ന സ്വപ്നവുമായി മൈനർ സെമിനാരിയിലെ ആദ്യവർഷ പരിശീലനത്തിനായി കടന്നുവന്ന 44 കുഞ്ഞനുജൻമാരെ സെമിനാരി കുടുംബം. 2014 ജൂൺ 8-ാം തിയ്യതി സസന്തോഷം സ്വീകരിച്ചു. പരിശീലന സപര്യയിലേക്ക് ക്രിയാത്മകമായി പ്രവേശിക്കുവാൻ അവരെ സജ്ജമാക്കാനുതകുന്ന

രണ്ടു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം ബഹു. രാജു അക്കരയച്ചൻ നയിച്ചു.

- **പുതിയ അദ്ധ്യയനവർഷം**

2014-2015 അദ്ധ്യയനവർഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം ജൂൺ 11-ാം തിയ്യതി നടത്തപ്പെട്ടു. മേരിമാതാ മേജർ സെമിനാരി റെക്ടർ ബഹു. ബാബു പാണാട്ടുപറമ്പിലച്ചൻ അന്നേദിനം വിശുദ്ധ ബലിയർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

- **വിശുദ്ധ കുർബ്ബാന - തിരുഹൃദയ തിരുനാളുകൾ**

വിശുദ്ധ കുർബ്ബാനയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യകാരുണ്യപ്രദക്ഷിണവും തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് കുടുംബപ്രതിഷ്ഠയും വെഞ്ചിരിപ്പും നടത്തി ഈശോയുടെ അനുഗ്രഹങ്ങൾക്കും സംരക്ഷണത്തിനുമായി പ്രത്യേകമായി സെമിനാരി കുടുംബം പ്രാർത്ഥിച്ചു.

- **ദുക്റാന തിരുനാൾ**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ാം തിയ്യതി സമുചിതമായി ആചരിച്ചു. വിശുദ്ധ ബലിക്ക് കാർമ്മികത്വം വഹിച്ച് ജീവിതബന്ധിയായ സന്ദേശം നൽകിയത് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവായിരുന്നു. വൈകീട്ട് തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പും മൈനർ സെമിനാരി കുടുംബവും സംയുക്തമായി ദുക്റാന തിരുനാളിനോടനുബന്ധിച്ചുള്ള സമ്മേളനം നടത്തി. സമ്മേളനത്തിനുശേഷം സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ച മാർ തോമാശ്ലീഹായുടെ ജീവിതത്തെ ആസ്പദമാക്കിയിട്ടുള്ളതുൾപ്പെടെയുള്ള കലാപരിപാടികൾ ഉണ്ടായിരുന്നു.

- **മാസധ്യാനങ്ങൾ**

ഈ അദ്ധ്യയനവർഷത്തിലെ ആദ്യത്തെ മാസധ്യാനം ബഹു. സജു. വടക്കേത്തലയച്ചന്റെ നേതൃത്വത്തിൽ ജൂൺ 14-ാം തിയ്യതി നടന്നു. പരിശുദ്ധാത്മാവിന്റെ കൃപകൾക്കായി തീക്ഷ്ണതയോടെ പ്രാർത്ഥിച്ചുകൊണ്ട് ആത്മീയാവേശത്തോടെ പുതിയ വർഷം തുടങ്ങാൻ അച്ചൻ ആഹ്വാനം ചെയ്തു. ജൂലൈ മാസത്തെ ധ്യാനം (12.07.2014) നയിച്ചത് ബഹു. ജോസ് എടക്കളത്തൂരച്ചനാണ്. തന്റെ തന്നെ ദൈവവിളി അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പരിശീലനപ്രക്രിയയിൽ വേണ്ടവിധം ഇഴുകിച്ചേരാൻ അച്ചൻ സഹോദരൻമാർക്ക് പ്രചോദനം നൽകി.

## ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീമതി മോളി കെ.എം. & ശ്രീ. ആന്റോ പോൾ, കിടങ്ങൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശൂർ
2. ശ്രീമതി മിലി ജോജോ & ശ്രീ. ജോജോ സണ്ണി, ആലപ്പാട്ട് ഹൗസ്, ചേലക്കോട്ടുകര, തൃശൂർ
3. ശ്രീ. നിഖിൽ സെബാസ്റ്റ്യൻ, കല്ലറയ്ക്കൽ ഹൗസ്, ചേലക്കോട്ടുകര, തൃശൂർ
4. ശ്രീ. കെ. കെ. ഫ്രാൻസിസ്, കണ്ണനായ്ക്കൽ ഹൗസ്, കൈപ്പറമ്പ്, തൃശൂർ
5. ശ്രീ. ജോസഫ് വി. സി., വടക്കൻ ഹൗസ്, കുറുമാൽ, തൃശൂർ
6. ശ്രീമതി റോസിലി ടീച്ചർ, മൂർക്കനാട്) C/o.(റവ. ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ, പ്രീസ്റ്റ് ഹോം)
7. ശ്രീമതി ലീല തോമസ്, ചിറയ്ക്കേക്കാരൻ ഹൗസ്, അരിസ്റ്റോ റോഡ്, തൃശൂർ
8. 2013-2014 വർഷത്തെ തൃശൂർ അതിരൂപതയിലെ നവവൈദികർ
9. ശ്രീമതി ബേബി ആന്റണി & ശ്രീ. ജോസ് ആന്റണി, പുത്തൂർ ഹൗസ്, വിയ്യൂർ, തൃശൂർ
10. ശ്രീ. കെ. ടി. വർഗ്ഗീസ്, കരിമാലിക്കൽ ഹൗസ്, മണലിപ്പാടം സ്ട്രീറ്റ്, കുരിയച്ചിറ, തൃശൂർ
11. ശ്രീ. കെ. കെ. ഫ്രാൻസിസ്, കമ്പക്കാരൻ ഹൗസ്, പനംകുറ്റിച്ചിറ, ഒല്ലൂർ
12. ശ്രീമതി ദീപ പാലമുട്ടം, യു.എസ്.എ.
13. ശ്രീ. സി. ആർ. ലോറൻസ്, ചിരിയങ്കണ്ടത്ത് ഹൗസ്, പടിഞ്ഞാറെ അങ്ങാടി, അരണാട്ടുകര, തൃശൂർ
14. ശ്രീ. അമൽ & ശ്രീമതി ക്രിസ്റ്റീൻ, മക്കോളിൽ ഹൗസ്, മഞ്ഞക്കുന്ന്, പട്ടിക്കാട്
15. മാനേജർ, കത്തീഡ്രൽ വോയ്സ് (ഇടവക ബുള്ളറ്റിൻ), ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ, തൃശൂർ
16. ശ്രീ. സി.വി. ജോസഫ്, നീലങ്കാവിൽ ചക്കാലയ്ക്കൽ ഹൗസ്, പുഴമ്പള്ളം റോഡ്, മരത്താക്കര
17. ശ്രീമതി തങ്കമ്മ ജോസഫ്, നീലങ്കാവിൽ ചക്കാലയ്ക്കൽ ഹൗസ്, പുഴമ്പള്ളം റോഡ്, മരത്താക്കര
18. ശ്രീ. രാധിൽരാജ് ജോസഫ്, കണ്ണമ്പുഴ ഹൗസ്, കിഴക്കുംപാട്ടുകര, തൃശൂർ
19. സെന്റ് ആന്റണീസ് ഇടവക, തൃക്കൂർ
20. റവ. സിസ്റ്റർ സുപ്പീരിയർ, ലിസ്യൂ കോൺവെന്റ്, ഗുരുവായൂർ
21. ശ്രീമതി ഫാൻസി C/o. (ശ്രീ. ഫ്രാൻസിസ് ചാക്കോ, അക്കര ഹൗസ്, ഒല്ലൂർ)
22. ശ്രീ. സുമിത് കുന്നുങ്കൽ, ഇന്ത്യൻ സ്ക്കൂൾ ഓഫ് ബിസിനസ്സ്, ഗച്ചിബൗളി, ഹൈദരാബാദ്
23. ശ്രീ. എ. വി. ജോസഫ്, അന്ധേരി, മുംബൈ
24. ശ്രീ. സ്റ്റാൻലി ആന്റണി, താനെ വെസ്റ്റ്, മഹാരാഷ്ട്ര
25. ശ്രീമതി മർത്താ C/o. (പാണേങ്ങാടൻ തോമ) പുഴയ്ക്കൽ, തൃശൂർ

ഈശോയോടുള്ള സ്നേഹത്തെപ്രതി വൈദിക പരിശീലനത്തിൽ ഭാഗഭാക്കുകളാകാൻ സന്മനസ്സ് കാണിക്കുന്ന നിങ്ങളെല്ലാവരെയും അവിടുന്ന് അനുഗ്രഹിക്കട്ടെ. ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. റോയ് മൂക്കൻ**
റെക്ടർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

- **ലോക പരിസ്ഥിതിദിനം ആചരിച്ചു**

ജൂൺ 5, ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. സെന്റ് തോമസ് കോളേജ് പ്രൊഫസർ ഇഗ്നേഷ്യസ് ആന്റണി പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിച്ചു. പ്രകൃതിയെ നശിപ്പിക്കുന്നത് വഴി മനുഷ്യൻ സ്വന്തം വേരിന് തന്നെ കോടാലി വെയ്ക്കുന്നു എന്നദ്ദേഹം പരാമർശിച്ചു. മഹാജൂബിലി കോളേജിന്റെ അസി. മാനേജർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആശംസ അർപ്പിച്ചു. തുടർന്ന് വിദ്യാർത്ഥികൾ കോളേജ് കാമ്പസ്സും പരിസരവും വൃത്തിയാക്കുകയും ചെടികൾ നടത്തുപിടിപ്പിക്കുകയും ചെയ്തു.

- **M.Ed. യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു.**

മഹാജൂബിലി കോളേജിന്റെ 2013-2014 അദ്ധ്യയനവർഷത്തിലെ എം. എഡ്. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 20-ന് ആരംഭിച്ച് ജൂലൈ 2-ന് സമാപിച്ചു.

- **M.Ed. രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ പുനരാരംഭിച്ചു**

എം. എഡ്. വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ജൂലൈ 4-ന് പുനരാരംഭിച്ചു.

- **മെറിറ്റ് ഡേ ആഘോഷിച്ചു**

2012-13 ബാച്ചിലെ വിദ്യാർത്ഥികളുടെ മെറിറ്റ് ഡേ ജൂലൈ 4-ാം തിയ്യതി 2 മണിക്ക് മഹാജൂബിലി കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് സംഘടിപ്പിച്ചു. പ്രസ്തുത യോഗം സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ജെൻസൻ പി. ഒ. ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ കഴിഞ്ഞ വർഷത്തെ കോളേജ് മാഗസിൻ VISTA, കോളേജ് മാനേജർ മോൺ. ജോർജ്ജ് എടക്കളത്തൂർ പ്രകാശനം ചെയ്തു. എം.എഡ്, ബി. എഡ്. കോഴ്സുകളിൽ 100% വിജയം വരിച്ച വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

- **Teaching Practice ആരംഭിച്ചു**

ബി. എഡ്. വിദ്യാർത്ഥികളുടെ അദ്ധ്യാപക പരിശീലനം 21 സ്ക്കൂളുകളിലായി ജൂലൈ 7-ന് ആരംഭിച്ചു. ടീച്ചിംഗ് പ്രാക്ടീസിന് പോയ എല്ലാ കുട്ടികൾക്കും മഹാജൂബിലി കോളേജിന്റെ ആശംസകൾ

- **Data Collection ആരംഭിച്ചു**

എം. എഡ്. പഠനത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള പഠനത്തിനുവേണ്ടി എം. എഡ്. വിദ്യാർത്ഥികൾ ജൂലൈ 14 മുതൽ ഡാറ്റ കളക്ഷൻ ആരംഭിച്ചു.

- **M.Ed., B.Ed. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു**

മഹാജൂബിലി കോളേജിന്റെ 2012-2013 അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ബി.എഡിൽനിന്നും വിനീത റാം, സിമി ടി. എസ്., രജന എ.ആർ., എം.എഡിൽനിന്നും സരിത എ, അഞ്ജലി പി. എ., റിനി സി. റാഫേൽ എന്നിവർ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ഉജ്ജ്വലവിജയം നേടിയ മഹാജൂബിലി കോളേജിന്റെ അഭിമാനതാരങ്ങൾക്ക് അഭിനന്ദനങ്ങൾ

**ഫാ.ഡോ.ചാക്കോ ചിറമ്മൽ**
പി.ആർ.ഒ.

**ഫാ.ദേവസ്സി പന്തല്ലൂക്കാരൻ**
പ്രിൻസിപ്പാൾ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

CREATING TECHNOLOGY LEADERS OF TOMORROW

## ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം

- കോളേജിന്റെ പുതിയ പ്രിൻസിപ്പലായി ഡോ. കെ.കെ. ബാബു, ജൂൺ 2ന് ചുമതലയേറ്റു. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 31 വർഷത്തെ സുത്യർഹസേവനത്തിനുശേഷമാണ് അദ്ദേഹം ജ്യോതിയിൽ പ്രിൻസിപ്പലായി എത്തിയിരിക്കുന്നത്. പ്രിൻസിപ്പലിന് ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം

- ISTEയുടേയും SRM യൂണിവേഴ്സിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം "Power System Control using Power Electronics" എന്ന വിഷയത്തിൽ ജൂൺ 16 മുതൽ 21 വരെ ഒരു ദേശീയ സെമിനാർ സംഘടിപ്പിച്ചു. കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീമതി. ശോശമ്മ കുരുവിള സെമിനാർ ഉദ്ഘാടനം ചെയ്തു. ഒരാഴ്ച നീണ്ടുനിന്ന പരിശീലന പരിപാടിയിൽ ഊർജ്ജരംഗത്തെ പ്രഗത്ഭരായവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

- കോളേജിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള എക്സ്ട്രാ കരിക്കുലർ & കോ-കരിക്കുലർ പരിശീലന പരിപാടികളുടെ ഉദ്ഘാടനം ജൂൺ 21ന് കോളേജ് എക്സിക്യൂട്ടിവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ നിർവ്വഹിച്ചു. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ചകളിൽ പ്രസ്തുത പരിശീലനക്കളരികൾ സംഘടിപ്പിക്കുന്നതാണ്.

- ജൂൺ 26ന് ലോകലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കോളേജിലെ ആന്റി നർക്കോട്ടിക് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. സി.ഡി. വർഗ്ഗീസിന്റെ (പ്രൊഫസർ, സെന്റ് തോമസ് കോളേജ്) നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ജോസ് പുന്നോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസി. എക്സൈസ് കമ്മീഷണർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

- ജൂലൈ 4ന് പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കോളേജിലെ 'നാച്ച്യുറ' ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജൈവകവച നിർമ്മാണത്തിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ ആരംഭം കുറിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വിവിധയിനം മുളകളുടെ മുപ്പതോളം തൈകൾ നട്ട് ജൈവകവചം സൃഷ്ടിക്കുന്നതിന്റെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ബൈയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ ഡോ. വി.എസ്. വിജയൻ നിർവ്വഹിച്ചു. കെ.എഫ്.ആർ.ഐ. സീനിയർ സയിന്റിസ്റ്റ് ഡോ. ടി.വി. സജീവ് ജൈവകവചത്തിന്റെ ആവശ്യകതയെക്കുറിച്ചും എല്ലാ ജീവജാലങ്ങളുടേയും മാതാവായ ഭൂമിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികളെ ബോധവത്ക്കരിച്ചു.

- പുതിയ അദ്ധ്യയന വർഷത്തേക്കുള്ള B.Tech അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ജൂലൈ 30ന് പുതിയ ബാച്ചിന്റെ ക്ലാസ്സുകൾ കുട്ടികളും, രക്ഷിതാക്കളും, അദ്ധ്യാപകരും പങ്കെടുക്കുന്ന ഉദ്ഘാടന സമ്മേളനത്തോടെ ആരംഭിക്കും. തുടർന്ന് മൂന്ന് ദിവസങ്ങളിലായി കുട്ടികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം ഉണ്ടായിരിക്കും.

- M.Tech (Power Electronics, Computer Science & Engineering) കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന ദിവസം 2014, ജൂലൈ 14. കൂടുതൽ വിവരങ്ങൾക്ക് www.jecc.ac.in സന്ദർശിക്കുക. Admission Helpline Numbers : 9526924455, 9526934455.

- ആഗസ്റ്റ് 16ന് ബി.ടെക് (2009-2011) ബാച്ചിന്റെ "ഗ്രാഡ്യുവേഷൻ ഡേ" സംഘടിപ്പിക്കുന്നു. തൃശ്ശൂർ എഡ്യക്കേഷണൽ ട്രസ്റ്റ് ചെയർമാനും, തൃശൂർ അതിരൂപതാ അദ്ധ്യക്ഷനുമായ മാർ. ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സുപ്രീംകോടതി ജസ്റ്റിസ് കുരിയൻ ജോസഫ് മുഖ്യാതിഥിയായിരിക്കും.

ഫാ. ജോസ് പുന്നോലിപ്പറമ്പിൽ
എക്സിക്യൂട്ടീവ് മാനേജർ

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പസ്റ്റോലേറ്റ് ഓഫ് ദി ട്രിച്ചൂർ ആർച്ച്ഡയോസിസ്)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## സോഷ്യൽ ആക്ഷൻ & സോഷ്യൽ വെൽഫെയർ സെന്റർ

### 1. അതിരൂപത കമ്മീഷൻ

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ ശുശ്രൂഷാ കേന്ദ്രമായ സാന്ത്വനത്തിന്റെ നിജസ്ഥിതി വിലയിരുത്തി വളർച്ചയ്ക്ക് ഉതകുന്ന ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് താഴെ പറയുന്നവർ അടങ്ങിയ ഒരു കമ്മീഷൻ രൂപീകരിച്ചു: ഫാ. ഇ. ജെ. തോമസ് എസ്. ജെ. (ചെയർമാൻ), അംഗങ്ങൾ: ഫാ. ലാസർ താണിക്കൽ, ഫാ. റോയ് വടക്കൻ, ഫാ. ജോർജ്ജ് തളിയപ്പറമ്പിൽ സി. എം. ഐ., സിസ്റ്റർ ധീര സി. എം. സി., ഡോ. ജോസ് കല്ലറയ്ക്കൽ, പ്രൊഫ. അന്നം ജോൺ.

### 2. സോഷ്യൽ ഏക്ഷൻ

ജൂൺ 1: സോഷ്യൽ ഏക്ഷന്റെ കീഴിൽ ചിറ്റാട്ടുകരയിൽ പ്രവർത്തിക്കുന്ന സെന്റ് സെബാസ്റ്റ്യൻ പുരുഷ സ്വയംസഹായ സംഘത്തിന്റെ 3-ാം വാർഷികം ആഘോഷിച്ചു. ഫാ. ജോൺസൺ ചാലിശ്ശേരി അധ്യക്ഷത വഹിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. സി. പി. ജോർജ്ജ് ആശംസകൾ അർപ്പിച്ചു. രോഗികൾക്ക് ചികിത്സാ സഹായവും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും വിതരണം ചെയ്തു. കാരുണ്യനിധി സമാഹരണത്തിനായി സംഘടിപ്പിച്ച നറുക്കെടുപ്പും നടന്നു. ടി. ജെ. ജോബി, സിനി ആർട്ടിസ്റ്റ് ജിന്റോ തെക്കിനിയത്ത്, പോൾ ചിറ്റിലപ്പിള്ളി, സണ്ണി കൊമ്പൻ, ജെയിംസ് കൊമ്പൻ എന്നിവർ പ്രസംഗിച്ചു.

ജൂൺ 13: വെള്ളാനിക്കോട് സ്വയംസഹായ സംഘം എ. ഡി. എസ്. യോഗം പാരിഷ് ഹാളിൽ ചേർന്നു. സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിൽ ഫാ. ഷിന്റോ പാറയിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ലൂയീസ് എടക്കളത്തൂർ ആശംസകൾ നേർന്നു.

ജൂൺ 13: അളഗപ്പനഗർ ത്യാഗരാജ കമ്മ്യൂണിറ്റി പോളിടെക്നിക്കിന്റെ സഹായത്തോടെ സോഷ്യൽ വെൽഫെയർ സെന്ററിന്റെ നേതൃത്വത്തിൽ വെള്ളാനിക്കോട് ഷീറ്റ് മെറ്റൽ വെൽഡിംഗ് പരിശീലനം ആരംഭിച്ചു. വെള്ളാനിക്കോട് ഫ്രണ്ട്സ് പുരുഷ സ്വയംസഹായ സംഘത്തിന്റെ നേതൃത്വ

ത്തിലാണ് 20 യുവാക്കളെ സ്വയം തൊഴിലിലേക്ക് നയിക്കുന്ന നൂതന പരിശീലനം നടക്കുന്നത്. പോളിടെക്നിക് പ്രിൻസിപ്പൽ ശ്രീമതി അന്ന ടെർജി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ഷിന്റോ പാറയിൽ, ഫാ. നിബിൻ തളിയത്ത്, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ആശംസകളർപ്പിച്ചു. ജോസ് മാപ്രാണത്തുകാരൻ സ്വാഗതം ആശംസിച്ചു.

### 3. മോഡൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി സന്ദർശനം

ജൂൺ 8-11: രാമനാഥപുരം രൂപതയിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഗുഡ് ഷെപ്പേർഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി സാന്ത്വനം ടീം സന്ദർശിച്ചു. മൂന്നു ദിവസത്തെ പഠന പരിപാടിയിൽ ഫാ. ലൂയീസ് എടക്കളത്തൂർ, ഫാ. തോമസ് പൂപ്പാടി, സി. പി. ജോർജ്ജ്, സി. ഡി. ആന്റണി എന്നിവർ പങ്കെടുത്തു. സിസ്റ്റർ അനില മാത്യു എഫ്. സി. സി. പഠനപരിപാടിക്ക് നേതൃത്വം നൽകി.

### 4. കേരള ചൈൽഡ് റൈറ്റ്സ് ഒബ്സർവേറ്ററി

ജൂൺ 24: കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും വേണ്ടി പ്രവർത്തിക്കുന്ന കേരള ചൈൽഡ് റൈറ്റ്സ് ഒബ്സർവേറ്ററി പാസ്റ്ററൽ സെന്ററിൽവെച്ച് ജൂൺ 24ന് സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ സാന്ത്വനം സ്റ്റാഫ് അംഗങ്ങളായ ബീന വർഗ്ഗീസ്, ഡ്ലെയിൻ ജെ. കടമ്പാട്ട് എന്നിവർ പങ്കെടുത്തു.

### 5. മാനസിക വൈകല്യമുള്ളവരുടെ സംരക്ഷണം

തൃശ്ശൂർ വിമല കോളേജിലെ സാമൂഹ്യശാസ്ത്ര വിഭാഗവും മനഃശാസ്ത്ര വിഭാഗവും സംയുക്തമായി 'മാനസിക വൈകല്യമുള്ളവരുടെ മൗലികാവകാശ സംരക്ഷണം' എന്ന വിഷയത്തെപ്പറ്റി ജൂൺ 27ന് സംഘടിപ്പിച്ച ഏകദിന സെമിനാറിൽ ഏഴ് സാന്ത്വനം ടീം അംഗങ്ങൾ പങ്കെടുത്തു.

### 6. ഫാമിലി ഫാമിംഗ്

ജൂൺ 30: യു. എൻ. എ. പ്രഖ്യാപിച്ചിരിക്കുന്ന ഫാമിലി ഫാമിംഗ് ഇയറിന്റെ ആചരണത്തോടനുബന്ധിച്ച് കേരള സോഷ്യൽ സർവ്വീസ് ഫോറം കോട്ടയം ആമോസ് സെന്ററിൽ സംഘടിപ്പിച്ച സെമിനാറിൽ സാന്ത്വനം ടീമിനെ പ്രതിനിധീകരിച്ച് ബീന വർഗ്ഗീസ്, ഓമന റാഫേൽ എന്നിവർ പങ്കെടുത്തു.

### 7. സ്നേഹനിധി

ജൂൺ 6: സ്നേഹനിധി ഭാരവാഹികളുടെ സംഗമവും പരിസ്ഥിതി ദിനാഘോഷവും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ നടത്തി. സംസ്ഥാന ഔഷധ സസ്യബോർഡ് ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. പയസ് 'ഗൃഹാങ്കണത്തിൽ

ഔഷധോദ്യാനം' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് നയിച്ചു. മോൺ. ജോർജ്ജ് എടക്കളത്തൂർ ഔഷധ സസ്യങ്ങൾ വിതരണം ചെയ്തു. ഫാ. ലൂയീസ് എടക്കളത്തൂർ സ്വാഗതവും പ്രൊഫ. എലിസബത്ത് മാത്യു നന്ദിയും പറഞ്ഞു.

ജൂൺ 15: വേലൂർ ഫൊറോന സ്നേഹനിധി സംഗമം സംഘടിപ്പിച്ചു. എരനെല്ലൂർ, മുണ്ടത്തിക്കോട്, പാറന്നൂർ, തയ്യൂർ, വെള്ളാറ്റഞ്ഞൂർ എന്നീ യൂണിറ്റുകളിൽ നിന്ന് 55 പേർ പങ്കെടുത്തു. ഫാ. തോബിയാസ് ചാലയ്ക്കൽ, ഫാ. ലൂയീസ് എടക്കളത്തൂർ, പ്രൊഫ. എലിസബത്ത് മാത്യു, ആൻസി തോമസ് എന്നിവർ നേതൃത്വം നൽകി.

ജൂൺ 22: കൊട്ടേക്കാട് ഫൊറോന സ്നേഹനിധി സംഗമം നടത്തി. കൊട്ടേക്കാട്, കുറ്റൂർ, മുണ്ടൂർ, വെളപ്പായ എന്നീ യൂണിറ്റുകളിൽനിന്ന് 65 പേർ പങ്കെടുത്തു. ഫാ. പോൾസൺ തട്ടിൽ, ഫാ. ലൂയീസ് എടക്കളത്തൂർ, പ്രൊഫ. എലിസബത്ത് മാത്യു, മെറ്റി ഫ്രാൻസിസ്, ജെസി പോൾ എന്നിവർ നേതൃത്വം നൽകി.

ജൂൺ 30: പഴുവിൽ ഫൊറോന സ്നേഹനിധി സംഗമം സംഘടിപ്പിച്ചു. ആലപ്പാട്, വലപ്പാട്, പുത്തൻപീടിക, പെരിങ്ങോട്ടുകര എന്നീ യൂണിറ്റുകളിൽനിന്ന് 35 പേർ പങ്കെടുത്തു. ഫാ. ആന്റണി ആലുക്ക, ഫാ. ലൂയീസ് എടക്കളത്തൂർ, ലിസ്സി വർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

മൂന്ന് ഫൊറോന സംഗമങ്ങളിലും ശ്രീമതി വില്ലി (സൈക്യാട്രിസ്റ്റ്, തൃശ്ശൂർ ജില്ലാ കുടുംബ കോടതി & വിമല കോളേജ്) ബോധവൽക്കരണ ക്ലാസ്സ് നയിച്ചു.

ജൂൺ 14: നെടുപുഴ സ്നേഹനിധി ജനറൽ ബോഡി ഫാ. ഡിറ്റോ കൂളയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ജിജി ഡേവിസ് അവതരിപ്പിച്ചു. ട്രസ്റ്റി ടോണി, സി. പി. ജോർജ്ജ്, ബീന വർഗ്ഗീസ് എന്നിവർ ആശംസകൾ നേർന്നു. സിമി ജോജു സ്വാഗതവും ആനി അഗസ്റ്റിൻ നന്ദിയും പറഞ്ഞു.

ജൂൺ 14: ചേറ്റുപുഴ സ്നേഹനിധി ജനറൽ ബോഡി ഫാ. പയസ് കണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ആശ ജോർജ്ജ് സ്വാഗതവും ഷീബ ബാബു നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികൾ: ലിസി ഫ്രാൻസിസ് (പ്രസിഡന്റ്), ജിഷ റെയ്മണ്ട് (സെക്രട്ടറി).

ജൂൺ 22: ഈസ്റ്റ് കല്ലൂർ സ്നേഹനിധി ജനറൽ ബോഡി ഫാ. ജോഷി വെണ്ണാട്ടുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. ഫാ. നിബിൻ തളിയത്ത്, സി. പി.

ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. അൽഫോൺസ റപ്പായി സ്വാഗതവും മേരി അഗസ്റ്റിൻ നന്ദിയും പറഞ്ഞു.

### 8. കാരിത്താസ് സമന്വയ പദ്ധതി

ജൂൺ 16: പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് കാരിത്താസ് ഇന്ത്യ റീജിയണൽ മാനേജർ ശ്രീ. കെ. എം. സെബാസ്റ്റ്യൻ സാന്ത്വനം ഓഫീസ് സന്ദർശിച്ചു. ഫലപ്രദമായ പ്രവർത്തനങ്ങളോടു കൂടിയ നവീകരിച്ച പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചു.

### 9. അക്ഷയ പദ്ധതി

കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി 'അക്ഷയ' പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി മീറ്റിംഗുകൾ കല്ലൂർ ഈസ്റ്റ്, നെടുപുഴ, പഴുവിൽ, കൊട്ടേക്കാട്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി മീറ്റിംഗുകൾ നടത്തി. പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോർഡിനേറ്റർ സി.പി. ജോർജ്ജ് മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

### 10. സേവ് എ ഫാമിലി പ്ലാൻ

**a) സ്പെഡ് – III**

ജൂൺ 5: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്റ്ററിയിൽനിന്നും ലഭിച്ച 5000 വൃക്ഷതൈകൾ വിതരണം ചെയ്തു. പൊതുസ്ഥലത്തും വീട്ടുമുറ്റത്തും വൃക്ഷതൈകൾ നട്ടു. ചേലക്കരയിലെ 11 വാർഡുകളിൽ 25 സ്ഥലങ്ങളിലായി നടത്തിയ പരിപാടികൾക്ക് തൃശ്ശൂർ സോഷ്യൽ ഫോറസ്റ്ററി, സ്പെഡ് III വില്ലേജ് ആക്ഷൻ ടീം, സ്പെഡ് III സ്വയംസഹായ സംഘങ്ങൾ, ചേലക്കര ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പുകാർ, മെതുക് അപ്പു മെമ്മോറിയൽ, മെതുക് അലയൻസ്, കിള്ളിമംഗലം ചലഞ്ചേഴ്സ്, പാറപ്പുറം നവജ്യോതി ആർട്സ് & സ്പോർട്സ് ക്ലബുകളും കുറുമല, വെങ്ങാനെല്ലൂർ ഗ്രാമീണ വായനശാലകളും സഹകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ലിസ്സി തോമസ്, വാർഡ് മെബർമാരായ വിശ്വനാഥൻ എല്ലിശ്ശേരി, സുരേഷ് സി., ഗോപകുമാർ, ഉണ്ണികൃഷ്ണൻ, റഷീദ്, രാജി സുരേഷ്, ചെല്ലമ്മ ടീച്ചർ, സുനിജ സുരേഷ്, നിർമ്മല, രജനി കൃഷ്ണകുമാർ എന്നിവരും സ്പെഡ് III ടീം അംഗങ്ങളായ സാമുവൽ പി. ജോർജ്ജ്, റീജൊ സജി, പ്രമീള, സുമി, ആഗ്നസ് എന്നിവരും നേതൃത്വം നൽകി.

മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി പാറപ്പുറം, തോന്നൂർക്കര,

വെങ്ങാനെല്ലൂർ എന്നിവിടങ്ങളിൽ ജൂൺ 30ന് 202 പി.വി.സി. പൈപ്പുകൾ വിതരണം ചെയ്തു.

ജൂൺ 28: ചേലക്കര പഞ്ചായത്തിന്റെയും സ്പെഡ് III പദ്ധതിയുടേയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച കുറുമല ഗ്രാമീണ വായന ശാല പഞ്ചായത്ത് പ്രസിഡന്റ് ലിസി തോമസ് ഉദ്ഘാടനം ചെയ്തു. സ്പെഡ് III യിൽനിന്നും 350 പുസ്തകങ്ങൾ വായനശാലയിലേക്ക് സമ്മാനിച്ചു.

പഞ്ചായത്തോട് സഹകരിച്ച് മേപ്പാടത്ത് 500 അടി താഴ്ചയിൽ കുടിവെള്ളത്തിനായി കുഴൽ കിണർ നിർമ്മിച്ചു.

### b) ഗോഡ്സ് ഓൺ ഫാമിലി

പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി കൊട്ടേക്കാട്, വെളപ്പായ, തണ്ടിലം, മച്ചാട്, കുണ്ടുകാട്, പൊങ്ങണംകാട്, മുക്കാട്ടുകര, മണ്ണുത്തി, പറവട്ടാനി, ചേർപ്പ്, പെരിഞ്ചേരി, പല്ലിശ്ശേരി, പഴുവിൽ, പെരിങ്ങോട്ടുകര ഇടവകകളിൽ ഡയറക്ടറും കോർഡിനേറ്ററും അടങ്ങിയ സംഘം ഫാമിലി വെരിഫിക്കേഷൻ നടത്തി.

സഹായം ലഭിച്ച ഇടവകകൾ:

ഒല്ലൂർ (7,000), ലൂർദ്ദ് (29,000), വീണ്ടശ്ശേരി (41,000), വില്ലടം (3,000), തലോർ (60,000), ചേലക്കര (35,000)

### c) ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം (FDP)

പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തറ ഇടവകയിൽ ഫാമിലി വെരിഫിക്കേഷൻ നടത്തി.

റീജിയണൽ പ്രോഗ്രാം ഓഫീസർ ബീന ജോയ് ഗുണഭോക്തൃ കുടുംബങ്ങൾ സന്ദർശിച്ചു. ഇടവകതലത്തിൽ സംഘടിപ്പിച്ച ഫാമിലി ആക്ടിവേഷൻ ടീം മീറ്റിംഗിൽ പങ്കെടുത്ത് വികാരിയച്ചന്മാരുമായി പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്തു. വില്ലടം, ചേറ്റുപുഴ, മുല്ലക്കര എന്നിവിടങ്ങളിലാണ് സന്ദർശനം നടത്തിയത്.

മെയ് മാസത്തിൽ FDP മുഖേന നൽകിയ സഹായം:

| ഇടവക | സംഖ്യ | ഇടവക | സംഖ്യ |
|---|---|---|---|
| ബ്രഹ്മകുളം | 20,000 | വീണ്ടശ്ശേരി | 9,000 |
| മാന്ദാമംഗലം | 20,000 | വെട്ടുക്കാട് | 6,000 |
| വടക്കാഞ്ചേരി | 7,000 | കല്ലൂർ | 10,000 |
| പള്ളിക്കുന്ന് | 20,000 | മുല്ലക്കര | 10,000 |
| മച്ചാട് | 15,000 | കണ്ണാറ | 10,000 |

| | | | |
|---|---|---|---|
| പനമുക്ക് | 15,000 | നെല്ലങ്കര | 20,000 |
| അത്താണി | 7,500 | | |

### 11. സ്ലം സർവ്വീസ് സെന്റർ

ജൂൺ 8: വളർക്കാവ് മേഖലയിലെ അയൽക്കൂട്ടങ്ങളുടെ എ.ഡി.എസ്. തഞ്ചാവൂർക്കാരൻ ഓമന രാജഗോപാലിന്റെ വസതിയിൽ ചേർന്നു. ഫാ. ലൂയീസ് എടക്കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. ഇസിദോർ ചക്കാലയ്ക്കൽ നേതൃത്വം നൽകി. യോഗത്തിൽ 45 പേർ പങ്കെടുത്തു.

ജൂൺ 9: ത്യാഗരാജ പോളിടെക്നിക് കോളേജിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സർക്കാരിന്റെ എം.എച്ച്.ആർ.ഡി. സ്പോൺസർ ചെയ്യുന്ന കമ്മ്യൂണിറ്റി ഡവലപ്മെന്റ് ത്രു പോളിടെക്നിക് പദ്ധതി പ്രകാരം മൂന്ന് മാസത്തെ സൗജന്യ കമ്പ്യൂട്ടർ അക്കൗണ്ടിംഗ് കോഴ്സ് ആരംഭിച്ചു. 16 വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു.

വെട്ടുക്കാട് പള്ളിയിൽ ഒരാഴ്ചത്തെ പേപ്പർ ജ്വല്ലറി മേക്കിംഗ് പരിശീലനം സംഘടിപ്പിച്ചു. 15 പേർ പങ്കെടുത്തു.

**ഫാ. ലൂയീസ് എടക്കളത്തൂർ**
ഡയറക്ടർ, സാന്ത്വനം

**ഫാ. തോമസ് പൂപ്പാടി**
സെക്രട്ടറി, സാന്ത്വനം

**NEST** *The Village of Comfort*
**Tel : 2321854; 9446996148**

- ആഗോള ലഹരി വിരുദ്ധ ദിനം ആചരിക്കുമ്പോൾ ലഹരി മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന കുട്ടികളുടെ ഇടയിൽ ആരംഭിക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണം എന്ന് ചർച്ച ചെയ്യുന്നതിനായി വിവിധ മേഖലകളിൽ പ്രാവീണ്യരായ വ്യക്തികളുടെ ഒരു യോഗം നെസ്റ്റിൽവെച്ച് കൂടുകയുണ്ടായി. ചർച്ചകൾക്കുശേഷം 14 തുടങ്ങി 18 വയസ്സുവരെയുള്ള കുട്ടികളിൽ സ്കൂളിൽ ഇത്തരം ലഹരിക്ക് അടിപ്പെട്ടുപോകുന്നവർക്കിടയിൽ അവിടുത്തെ ടീച്ചർമാരെയും കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രതിനിധികളേയും പരിശീലിപ്പിച്ച് അവർക്കിടയിൽ പ്രവർത്തിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ പ്രവർത്തനത്തിന് ജൂൺ 26-ാം തിയ്യതി തുടക്കമിട്ടുകൊണ്ട് കൂടുതൽ അർത്ഥവത്തായി ഈ ദിനാചരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.
- ജൂൺ 8-ാം തിയ്യതി ഞായറാഴ്ച ഫോളോ അപ്പ് നടത്തുകയും എഴു

പത് പേർ പങ്കെടുക്കുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.

- പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ ദിനത്തിൽ കുർബ്ബാനയുടെ പ്രദ ക്ഷിണവും ആരാധനയും നടത്തി.
- ആഗോള ലഹരിവിരുദ്ധ ദിനം സമുചിതമായി ആചരിച്ചു. നെസ്റ്റിലെ ചികി ത്സക്കുപുറമെ ഇത്തരം പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണവും കൂടുതൽ ഫലപ്രദവും ആകുന്നതിനുതകുന്നവിധം 14-18 വയസ്സ് പ്രായപരിധിയി ലുള്ള ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരുടെ ഇടയിൽ നടത്തുന്ന ഒരു പ്രവർത്തന പദ്ധതി Straight Edge a Nest Outreach Programme- ന്റെ ഉദ്ഘാടനം മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻ ഹൈസ്ക്കൂളിൽ വെച്ച് തൃശൂർ റേഞ്ച് ആഭ്യന്തര സുരക്ഷ വിഭാഗം ഡി.വൈ.എസ്.പി. ശ്രീ. പി. വാഹിദ് നിർവ്വഹിച്ചു. സ്ക്കൂൾ പ്രധാന അദ്ധ്യാപകൻ അദ്ധ്യക്ഷത വഹിച്ചു.
- ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പന്നിത്തടം കോൺകോർഡ് സ്ക്കൂളിൽ സംഘടിപ്പിച്ച പരിപാടിയിൽ നെസ്റ്റിലെ ഡോ. സിസ്റ്റർ ബീനയും ഒല്ലൂർ യു.പി. സ്ക്കൂളിൽ കെ.പി.സി.സി. മദ്യവിരുദ്ധ ജാഗ്രതാ സമിതി നടത്തിയ സമ്മേളനത്തിൽ നെസ്റ്റ് ഡയറക്ടർ ഫാ. ജോർജ്ജ് തോമസ്സും പങ്കെടുത്തു.
- കഴിഞ്ഞ മാസം നടത്തിയ വിവിധ ക്യാമ്പുകളിലായി 72 പേർ പങ്കെടു ത്തു.
- ഫിലിപ്പൈൻസിൽ സാമൂഹ്യ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നതും ലഹരി വിമുക്ത ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് തയ്യാറെടുക്കുന്ന തുമായ സംഘടനയുടെ (Natures Tropical Delight) പ്രസിഡന്റ് മേരിലൗ ഹോൻടിവേറോസ് ഫെർണാന്റോ നെസ്റ്റിന്റെ പ്രവർത്തനങ്ങൾ മനസ്സി ലാക്കുന്നതിനും പഠിക്കുന്നതിനുമായി സന്ദർശനം നടത്തി.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ**
ഡയറക്ടർ
9447615196

**ഫാ. പോൾ കള്ളിക്കാടൻ**
അസി. ഡയറക്ടർ
9497313185

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**ജൂലൈ 2014**

### പ്രാഠം ഒന്നിലേക്ക് ഒരു കൈ സഹായവുമായി ജൂബിലി മിഷൻ (16.06.2014)

ആതുരശുശ്രൂഷയുടെ ലോകത്തുനിന്ന് പാഠം ഒന്നിലേക്ക് ഒരു കൈ സഹായവുമായി തൃശ്ശൂർ ജൂബിലി മിഷൻ വിദ്യാർത്ഥികളെത്തി. ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ്, നഴ്സിങ്ങ് സ്കൂൾ, പാരാമെഡിക്കൽ വിദ്യാർത്ഥികളാണ് തുറന്ന മനസ്സുമായി പാഠം ഒന്ന് ഒരു കൈ സഹായ ത്തിലേക്ക് പഠനോപകരണങ്ങൾ നൽകിയത്. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസി. ഡയറക്ടർ ഫാ. ജോബി കടപ്പൂരാൻ എന്നി വരിൽനിന്ന് മാതൃഭൂമി ക്ലബ് എഫ്. എം. പ്രതിനിധികൾ പഠനോപകരണ ങ്ങൾ ഏറ്റുവാങ്ങി.

### 28 ലക്ഷം രൂപയുടെ സൗജന്യ ഡയാലിസിസ് (28.06.2014) ജൂബിലി മിഷൻ ഡയാലിസിസ് കൃതജ്ഞതാദിനം മാതൃകയായി

ദൈവാനുഗ്രഹത്തോടൊപ്പം പൊതുജനപങ്കാളിത്തവും സഹകരണവും കൊണ്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി പാവപ്പെട്ട ഡയാ ലിസിസ് രോഗികൾക്കായ് കഴിഞ്ഞ ഒരു വർഷം 28 ലക്ഷം രൂപയുടെ സൗജന്യ ഡയാലിസിസ് നടത്തി. സൗജന്യ ഡയാലിസിസ് നടത്തുന്ന തിന് നാളിതുവരെ സഹായിച്ച എല്ലാ വ്യക്തികളേയും ഇടവകകളേയും സ്ഥാപനങ്ങളേയും നന്ദിയോടെ അനുസ്മരിച്ച് ജൂബിലി മിഷൻ സംഘടി പ്പിച്ച കൃതജ്ഞതാദിനം മാതൃകയായി. ജൂബിലി മിഷൻ ആശുപത്രിയിലെ ഹൃദയാലയ ഹാളിൽ നടന്ന ചടങ്ങ് തൃശ്ശൂർ മേയർ ശ്രീ. രാജൻ പല്ലൻ ഉദ്ഘാടനം ചെയ്തു. പാവങ്ങളോടുള്ള ജൂബിലി മിഷന്റെ സമർപ്പണത്തെ മേയർ പ്രശംസിച്ചു. ജൂബിലി മിഷൻ ആരംഭിക്കുന്ന ഹെൽത്ത് ചെക്ക് അപ്പ് പാക്കേജുകളെക്കുറിച്ച് ജൂബിലി മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീ സർ ഡോ. ബെന്നി ജോസഫ് വിവരിച്ചു. ജൂബിലി മിഷനിലെ പാവപ്പെട്ട രോഗികൾക്കുള്ള ഡയാലിസിസ് തുക കല്യാൺ സിൽക്ക്സ് ഉടമ ശ്രീ. ടി. എസ്. പട്ടാഭിരാമൻ ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്തിന് കൈമാറി. കഴിഞ്ഞ ഒരു വർഷം ഏറ്റവും കൂടുതൽ ഡയാലിസിസ് സ്പോൺസർ ചെയ്ത സേക്രട്ട് ഹാർട്ട് ലാറ്റിൻ പള്ളി തൃശ്ശൂർ, സെന്റ് തെരേസാസ് പള്ളി എറവ്, ശ്രീ. വി. കെ. മുഹമ്മദ് മില്ലേനിയം ഗ്രൂപ്പ്, ജോയ്

ആലുക്കാസ് ഫൗണ്ടേഷൻ എന്നിവരേയും, ഡയാലിസിസ് മെഷീൻ സ്പോൺസർ ചെയ്ത മഞ്ഞളി എം. ഡി. ജോൺ & സൺസ് വെണ്ടോർ, ടി.ഡി.എസ്. ഗ്രൂപ്പ് ഓഫ് കൺസേൺസ് ചാവക്കാട്, ശ്രീ. അഹമ്മദ് ഹസ്സൻ എന്നിവരേയും പ്രത്യേക ഉപഹാരങ്ങൾ നൽകി യോഗം ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് സ്വാഗതവും, അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് നന്ദിയും പറഞ്ഞു.

## സ്നേഹ ശുശ്രൂഷയുടെ സ്മരണയുണർത്തി ജൂബിലി മിഷനിൽ'ഡോക്ടേഴ്സ് ദിനം' ആചരിച്ചു (01.07.2014)

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ദിനം സമുചിതമായി ആഘോഷിച്ചു. തൃശ്ശൂരിലെ പ്രമുഖനും, വിവിധ സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഡോ. പി. എം. വർക്കിയെ ചടങ്ങിൽ ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. അലക്സ് ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്, ഹൃദ്രോഗവിഭാഗം മേധാവി ഡോ. ഗോവിന്ദനുണ്ണി എന്നിവർ ഡോക്ടേഴ്സ് ദിനസന്ദേശം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേക്ക് ബിരുദാനന്തരബിരുദ കോഴ്സുകളിലേക്ക് വന്ന നവാഗതരായ ഡോക്ടർമാരെ യോഗം സ്വാഗതം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അസി. ഡയറക്ടർ ഫാ. സുനിൽ ചിരിയങ്കണ്ടത്ത് എന്നിവർ നേതൃത്വം നൽകി.

## ജില്ലാ പോലീസിന് സൗജന്യ 'ട്രോമ കെയർ' പരിശീലനവുമായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രി (07.07.2014)

ജില്ലയിലെ കൺട്രോൾ റൂം പോലീസിനും ഹൈവേകളിലുള്ള ലോക്കൽ പോലീസിനും അപകടങ്ങളിൽ ഉണർന്നു പ്രവൃത്തിക്കുവാൻ ആവശ്യമായ സൗജന്യപരിശീലനം തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയുടെ നേതൃത്വത്തിൽ നടന്നു. റോഡപകടങ്ങൾക്കിരയാകുന്നവർക്ക് മറ്റും അത്യാഹിതങ്ങളിൽപ്പെടുന്നവർക്കും പ്രഥമശുശ്രൂഷയും അടിയന്തര വൈദ്യസഹായവും ഫലപ്രദമായി ലഭ്യമാക്കാൻ സംസ്ഥാന സർക്കാരിന്റെ ആഭ്യന്തരവകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതാണ് സ്മൈൽ (SMILE) (സീംലെസ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ് കെയർ ആൻഡ് എമർജൻസി) പദ്ധതി. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കോൺഫ്രൻസ് ഹാളിൽ നടന്ന പരിശീലന പരിപാടി ജില്ലാ പോലീസ് കമ്മീഷണർ ശ്രീ. പി. പ്രകാശ് ഉദ്ഘാടനം ചെയ്തു. 75-ഓളം പോലീസ്

അംഗങ്ങൾ പങ്കെടുത്ത പരിശീലനപരിപാടിയിൽ റോഡപകടങ്ങൾ, തീപൊള്ളൽ തുടങ്ങിയ അത്യാഹിതങ്ങളിൽ എന്തുചെയ്യണം, എന്തു പാടില്ല എന്നതിനെക്കുറിച്ചും പോലീസംഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരങ്ങളെക്കുറിച്ചും പരിശീലനപരിപാടിയിൽ ചർച്ച ചെയ്തു. ഒരു ജീവൻപോലും നഷ്ടപ്പെടുത്താതെ സംരക്ഷിക്കുവാൻ ശ്രമിക്കേണ്ടതാണെന്ന് കമ്മീഷണർ ആഹ്വാനം ചെയ്തു. അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. ഷാഹുൽ ഹമീദ്, ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് എന്നിവരുടെ സാന്നിധ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അത്യാഹിതവിഭാഗം മേധാവി പ്രൊഫസർ ഡോ. ബാബു ഉറുമ്മീസ് പാലാട്ടി, അസോസിയേറ്റ് പ്രൊഫസർ ഡോ. എം. ബി. ജയരാജ് എന്നിവരുടെ നേതൃത്വത്തിലുള്ള ജൂബിലി മിഷൻ മെഡിക്കൽ സംഘമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
- ശ്രീ. പോളി ജോസഫ് & ഫാമിലി, ജോസഫ് വില്ല, കാനാട്ടുകര, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഹാൻഡികേപ്സ് വിങ്ങ് റീജൻസി ക്ലബ്, കുട്ടനെല്ലൂർ, തൃശ്ശൂർ (80 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ചർച്ച്, മണ്ണുത്തി, തൃശ്ശൂർ (80 ഡയാലിസിസ്)
- നിർമ്മലമാതാ സെൻട്രൽ സ്കൂൾ, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ചെയർമാൻ, ബഹുമാനപ്പെട്ട വറതച്ചൻ ശ്രാദ്ധാഘോഷ കമ്മിറ്റി, സെന്റ് ലാസേഴ്സ് ചർച്ച്, കോട്ടപ്പടി, തൃശ്ശൂർ (200 ഡയാലിസിസ്)
- ശ്രീ. സി. എൽ. റപ്പായി, ചേറുശ്ശേരി ഹൗസ്, ചേർപ്പ്, തൃശ്ശൂർ (47 ഡയാലിസിസ്)
- മില്ലേനിയം ഗ്രൂപ്പ് ഓഫ് കമ്പനീസ്, തൃശ്ശൂർ (30 ഡയാലിസിസ്)
- ശ്രീ. ബിനോയ് & ജെസ്റ്റി, ചൊവ്വൂക്കാരൻ ഹൗസ്, പറവട്ടാനി, തൃശ്ശൂർ ( 80 ഡയാലിസിസ്)
- ശ്രീ. പട്ടാഭിരാമൻ, കല്ല്യാൺ സിൽക്ക്സ്, തൃശ്ശൂർ (80 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ചർച്ച്, പെരിഞ്ചേരി, തൃശ്ശൂർ (100 ഡയാലിസിസ്)
- അവർ ലേഡി ഓഫ് കാർമ്മൽ ചർച്ച്, (മാതൃസംഘം) മുണ്ടൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- ഡോ. മനു മാത്യു S/o ജോയ് മാത്യു, നടത്തറ, തൃശ്ശൂർ ( 50 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## കെ. സി. എസ്. എൽ.

### ● അതിരൂപതാ ആനിമേറ്റേഴ്സ് സംഗമം

തൃശൂർ അതിരൂപതാ ആനിമേറ്റേഴ്സ് സംഗമം ജൂൺ 20-ന് തൃശൂർ ഡി. ബി.സി.എൽ.സി. ഹാളിൽവെച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. തോമസ് കാക്കശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽവെച്ച് 'മാർഗ്ഗരേഖയും കലണ്ട'റും ഓർഗനൈസർ ശ്രീ. ജിജു ആന്റണി അവതരിപ്പിച്ചു. ഈ വർഷത്തെ പഠനവിഷയം അവതരിപ്പിച്ചത് സി. ട്രീസ ജേക്കബ് എഫ്.സി.സി. ആയിരുന്നു. കൂപ്പൺ, പുസ്തകങ്ങൾ മുതലായവ വിതരണം ചെയ്തു.

### ● അതിരൂപതാ പ്രവർത്തനോദ്ഘാടനം

അതിരൂപത കെ.സി.എസ്.എൽ. പ്രവർത്തനോദ്ഘാടനം ജൂൺ 20-ന് ഉച്ചക്ക് 1.30ന് നടത്തപ്പെട്ടു. അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയായിരുന്നു ഉദ്ഘാടകൻ. ഡയറക്ടർ ഫാ. തോമസ്സ് കാക്കശ്ശേരി മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽവെച്ച് എസ്.എസ്. എൽ.സി., പ്ലസ് ടു, സി.ബി.എസ്.ഇ. പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അംഗങ്ങളെ അനുമോദിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

### ● ഏകദിന ശില്പശാലകൾ

ഈ വർഷത്തെ ഏകദിന ശില്പശാലകൾ ആഗസ്റ്റ് 9 ശനിയാഴ്ച രാവിലെ 9.30ന് ആരംഭിക്കുന്നു. ഓരോ വിഷയത്തിലും അഭിരുചികളുള്ള വിദ്യാർത്ഥികളെ ആനിമേറ്റർമാർ തിരഞ്ഞെടുത്തയക്കാൻ ശ്രദ്ധിക്കുക. ശില്പശാലകളുടെ കൺവീനറുമായി വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക. (ശ്രീ. വർഗ്ഗീസ് ആന്റണി 9847708882). തൃശൂർ സെന്റ് തോമസ് കോളേജ് എച്ച്.എസ്.എസ്. ആണ് ശില്പശാലകളുടെ വേദി.

### ● മെമ്പർഷിപ്പ്

കെ.സി.എസ്.എൽ. മെമ്പർഷിപ്പ് ഒരു വിദ്യാർത്ഥിക്ക് 10 രൂപയാക്കി വർദ്ധിപ്പിച്ചു. ഒരു വർഷത്തേക്കാണിത്. ഒരു വർഷത്തിനുശേഷം മെമ്പർഷിപ്പ് പുതുക്കേണ്ടതുണ്ട്. ഈ വർഷത്തെ മെമ്പർഷിപ്പ് ഫീ ഓഗസ്റ്റ് 9-ന് മുൻപായി അടച്ചുതീർക്കണം. അതോടൊപ്പം അംഗത്വ ലിസ്റ്റ് യൂണിറ്റ്

വിവരങ്ങൾ എന്നിവയ്ക്കുള്ള ഫോമുകൾ പൂരിപ്പിച്ച് നൽകേണ്ടതാണ്. നിശ്ചിതസമയത്ത് മെമ്പർഷിപ്പ് ഫീ അടയ്ക്കുന്നവർക്ക് ബൊക്കെ സൗജന്യമായി നൽകുന്നു. ശ്രദ്ധിക്കുക.

- **കലോത്സവം, സാഹിത്യോത്സവം**

കെ.സി.എസ്.എൽ. ശതാബ്ദിയോടനുബന്ധിച്ച് ഈ വർഷത്തെ സാഹിത്യോത്സവം സംസ്ഥാനതലത്തിൽ ശതാബ്ദി സാഹിത്യോത്സവമായി സംഘടിപ്പിക്കുകയാണ്. അതുകൊണ്ട് അതിരൂപതാ സാഹിത്യോത്സവം ഉണ്ടായിരിക്കുന്നതല്ല. ശതാബ്ദി സാഹിത്യോത്സവത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാകുന്നതിനനുസരിച്ച് ബ്ലോഗിൽ നൽകുന്നതാണ് (www.kcsltrichurblogspot.in).

കെ.സി.എസ്.എൽ. അതിരൂപതാ കലോത്സവം മുൻവർഷങ്ങളിലേതുപോലെ നവംബർ 3-ന് തൃശൂർ സെന്റ് തോമസ് കോളേജ് എച്ച്.എസ്.എസ്.ൽ വെച്ച് നടക്കുന്നു. കലോത്സവ ട്രോഫികളും എൻട്രി ഫോമുകളും ഓഗസ്റ്റ് 9-ന് മുമ്പ് നൽകേണ്ടതാണ്. (കൺവീനർ ശ്രീ. ജെന്നി വർഗ്ഗീസ് 9446765235, ശ്രീ. അജിത് പോൾ ആന്റോ 9446117006)

**ഫാ. തോമസ് കാക്കശ്ശേരി**, ഡയറക്ടർ

# ഫ്രാൻസിസ്കൻ അത്മായസഭ

സമാധാനവും സൗഭാഗ്യവും

- ഫ്രാൻസിസ്കൻ അത്മായ സഭ തൃശൂർ അതിരൂപത കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് യോഗം 29.06.2014 ഞായറാഴ്ച ഉച്ചക്ക് 3 മണിക്ക് കാൽവരി ആശ്രമത്തിൽവെച്ച് പ്രസിഡന്റ് പി. ഐ. സൈമൺ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഫാ. പോൾ അടമ്പുകുളം, ഫാ. ജോബി മേരിസൺ, ഫാ. ഫ്രാൻസിസ് എടാട്ടുകാരൻ, സിസ്റ്റർ റോസിലിൻ, വി. സി. സണ്ണി, തോമസ് ഡൊമിനിക് എന്നിവർ പ്രസംഗിച്ചു.
- ആഗസ്റ്റ് 10-ാം തിയ്യതി ഞായറാഴ്ച വടക്കാഞ്ചേരി എ.ആർ.സി.യിൽവെച്ച് അതിരൂപതയിലെ എല്ലാ യൂണിറ്റ് ഭാരവാഹികൾക്കുവേണ്ടി നേതൃത്വപരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏകദേശം 500 പേർ യോഗത്തിൽ പങ്കെടുക്കും. അന്നേദിവസം 'ത്രൈമാസിക'ബുള്ളറ്റിൻ വിതരണം ചെയ്യുന്നതാണ്.

യേശുവിൽ എളിയ സഹോദരൻ

**വി. സി. സണ്ണി**, സെക്രട്ടറി

# കത്തോലിക്കാ കോൺഗ്രസ്സ് (AKCC)

- **ബൈലോ പ്രകാശനം ചെയ്തു**

കത്തോലിക്കാ കോൺഗ്രസ്സ് തൃശൂരിന്റെ ബൈലോ പ്രകാശനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു ഫാ. ജിയോ കടവി, പി. ഐ. ലാസർ മാസ്റ്റർ, അഡ്വ. ബിജു കുണ്ടുകുളം, എൻ. പി. ജാക്സൺ മാസ്റ്റർ, ഡേവീസ് പുത്തൂർ, ജോൺസൺ ജോക്ജ്ജ്, ഡോ. മേരി റെജീന, അഡ്വ. സി. ജെ. ഡെന്നി എന്നിവർ നേതൃത്വം നൽകി സംസാരിച്ചു. 2014 മെയ് 4-ന് സംഘടിപ്പിച്ച അത്മായ നേതൃത്വസംഗമത്തിന്റെ സ്വാഗതസംഘം കമ്മിറ്റി പിരിച്ച് വിടുകയും പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും ചെയ്തു.

- **യൂണിറ്റ് രൂപീകരണം തുടരുന്നു**

കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റ് രൂപീകരണം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ വിവിധ ഇടവകകളിൽ നടത്തുന്നു. യൂണിറ്റ് രൂപീകരണത്തിനാവശ്യമായ വസ്തുക്കൾ, ബൈലോ എന്നിവയ്ക്കായി ഡയറക്ടറെയോ, മറ്റ് ഭാരവാഹികളെയോ ബന്ധപ്പെടേണ്ടതാണ്.

| **ഫാ. ജിയോ കടവി** | **പി.ഐ. ലാസർ മാസ്റ്റർ** | **എൻ.പി. ജാക്സൺ മാസ്റ്റർ** |
|---|---|---|
| ഡയറക്ടർ | കൺവീനർ | സെക്രട്ടറി |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

♦ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശൂർ അതിരൂപതയുടെ കീഴിൽ പണി തീർത്ത വിൻസെൻഷ്യൻ അഭയകേന്ദ്രം 2014 ജൂലൈ 6 ഞായറാഴ്ച ഉച്ചക്ക് 2.30ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ഡോ. ജോർജ്ജ് കോമ്പാറയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയെ തുടർന്ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. ദിവ്യബലിയിൽ സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാവ് ഫാ. മാത്യു ചാക്കേരി, വെളപ്പായ ഇടവക വികാരി ഫാ. ജോഫി ചിറയത്ത് എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് നടന്ന ചടങ്ങിൽ സി.സി. പ്രസിഡന്റ് ബ്ര. കെ. എ. ഷിബു അദ്ധ്യക്ഷത വഹിച്ചു. സംഘടനയുടെ ഈ മഹത്തായ സംരംഭത്തിൽ സന്തുഷ്ടി പ്രകടിപ്പിക്കുകയും അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ഫാ. മാത്യു ചാക്കേരി, ഫാ. ജോഫി ചിറയത്ത് എന്നിവർ ആശംസകൾ നേർന്നു.

ബ്ര. ഷിബു കെ.എ. ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിനും പ്രവർത്തനങ്ങൾക്കും സഹകരിച്ച എല്ലാവരോടും നന്ദി പറയുകയും തുടർന്നും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. വിൻസെൻഷ്യൻ അഭയകേന്ദ്രം ഫോൺ 9446512247.

- ♦ കണ്ടശ്ശാംകടവ് ഏരിയ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. എം. ജി. ജോസഫ്, പാലയൂർ, ഏരിയ കൗൺസിലിന്റെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. കെ. ടി. സൈമൺ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. സി.സി. പ്രസിഡന്റ് ബ്ര. കെ. എ. ഷിബു പുതിയ പ്രസിഡന്റുമാരെ സ്വാഗതം ചെയ്യുകയും മുൻപ്രസിഡന്റുമാരായ ബ്ര. പി. ആർ. പോൾസൺ, ബ്ര. വി. എൽ. ഫ്രാൻസിസ് എന്നിവർക്ക് നന്ദി പറയുകയും ചെയ്തു.

**റവ. ഫാ. മാത്യു ചാക്കേരി** — സ്പിരിച്വൽ ഡയറക്ടർ
**ബ്ര. കെ.എ. ഷിബു** — സി.സി. പ്രസിഡന്റ്
**ബ്ര. കെ. കെ. പോൾസൺ** — സി.സി. സെക്രട്ടറി

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

- 2014 ജൂൺ 29–ാം തിയ്യതി ശനിയാഴ്ച ഉച്ചക്ക് 2.30ന് ആർച്ച്ബിഷപ്പ് ഹൗസിൽ വെച്ച് അതിരൂപത സംഘടന ഏകോപന സമിതി യോഗത്തിൽ തൃശൂർ അതിരൂപത സി.എൻ.ജി.ഐ. എക്ലിയാസ്റ്റിക്കൽ അഡ്വൈസർ, റവ. ഫാ. സിജോ അരിക്കാട്ട്, എക്സിക്യൂട്ടീവ് അംഗങ്ങളായ സി. ദെപ്പാസി സി.എസ്.സി., സി. ലിസറ്റ് സി.എം.സി., സി. റൊസീന ഡേവീസ് എഫ്.സി.സി., സി. ഇസബെൽ സി.എച്ച്.എഫ്., മിസ്സിസ്സ് ലിജി ഡേവീസ് എന്നിവർ പങ്കെടുക്കുകയുണ്ടായി. സി.എൻ.ജി. സി.ഐ. യെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സി. ദെപ്പാസി സംസാരിച്ചു. ഗോൾഡൻ ജൂബിലി ആഘോഷിച്ച തൃശൂർ അതിരൂപത സി.എൻ. ജി.ഐ. ദൈവാനുഗ്രഹത്താൽ വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണെന്നും പുതിയ പ്രവർത്തനമേഖലയായ ഇടവകകളെ കേന്ദ്രീകരിച്ചുള്ള കിടപ്പുരോഗികൾക്കായുള്ള പുതിയ പദ്ധതിയുടെ വിജയത്തിനായി എല്ലാ ഇടവകകളുടെയും സംഘടനകളുടെയും സഹകരണവും സഹായവും ആവശ്യമാണെന്ന് യോഗത്തെ അറിയിച്ചു. യോഗം വൈകുന്നേരം 5.30 ന് സമംഗളം സമാപിച്ചു.

ഡയറക്ടർ — **റവ.ഫാ. സിജോ അരിക്കാട്ട്**
സെക്രട്ടറി — **സി. റൊസീന ഡേവീസ് FCC**

Ph: 0487 - 3242209, 2320040

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

- **പ്രീച്ചേഴ്സ് കൗൺസിലേഴ്സ് കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിൽ പ്രവർത്തിക്കുന്ന പ്രീച്ചേഴ്സ് കൗൺസിലേഴ്സിന്റെ കൂട്ടായ്മ 2014 ജൂൺ 2-ാം തിയ്യതി തിങ്കളാഴ്ച ആബയിൽ ചേർന്നു. രാവിലെ 9.30ന് ജപമാല യോടെ ശുശ്രൂഷകൾ ആരംഭിച്ചു. തിരുവചനസന്ദേശവും, വി. ബലിയും ആരാധനയും ഫാ. ജോർജ്ജ് തോട്ടാൻ സി.എം.ഐ. നേതൃത്വം നൽകി. പ്രീച്ചേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും ഒത്തുചേരലും പങ്കുവെ യ്ക്കലും നടന്നു. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

- **ഏകദിന ദൈവവചന ശുശ്രൂഷ**

തൃശൂർ ആബാ കേന്ദ്രത്തിൽ 2014 ജൂൺ മാസം 5-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 9.30ന് ജപമാലയോടെ ദൈവവചനശുശ്രൂഷ ആരംഭിച്ചു. തിരു വചനം ബ്രദ. ടോണി ചിറയത്ത് പങ്കുവെച്ചു. ആരാധന ഫാ. സജു വട ക്കേത്തലയും ദിവ്യബലി റവ. ഫാ. ഷാജൻ തേർമഠം നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

- **മദ്ധ്യസ്ഥപ്രാർത്ഥനകൾ**

തൃശൂർ ആബാ ധ്യാനകേന്ദ്രത്തിൽ 2014 ജൂൺ 6, 13, 20, 27 എന്നീ തിയ്യ തികളിൽ മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തി. രാവിലെ 9.30ന് ജപമാല യോടെ ആരംഭിച്ചു. വിശുദ്ധബലിയും ആരാധനയും വചനസന്ദേശവും ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ നേതൃത്വം നൽകി. പ്രാർത്ഥനയോടെ വൈകീട്ട് 3.30ന് സമാപിച്ചു.

- **പെന്തക്കുസ്താദിനം ആചരിച്ചു**

തൃശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃ ത്വത്തിൽ 2014 ജൂൺ 8 ഞായറാഴ്ച വൈകീട്ട് 7 മണി മുതൽ 12 മണി വരെ ശുശ്രൂഷയും 12 മണിക്ക് വി. ബലിയും തൃശൂർ ലൂർദ്ദ് പള്ളിയിൽ നടന്നു. 7 മണിക്ക് ജപമാലയോടെ ശുശ്രൂഷ ആരംഭിച്ചു. ഒരുക്കശുശ്രൂ ഷയ്ക്ക് ഫാ. ഷാജൻ തേർമഠം കരിസ്മാറ്റിക് ഡയറക്ടർ നേതൃത്വം നൽകി. വചനസന്ദേശവും അഭിഷിക്ത ശുശ്രൂഷയും മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. ആരാധനയ്ക്കും ദിവ്യബലിക്കും ഫാ. സജു വട ക്കേത്തല നേതൃത്വം നൽകി. ദിവ്യബലിയോടെ പെന്തക്കുസ്താ ആച രണം സമാപിച്ചു.

- **മരിയൻ സിംഗിൾസ് സബ് റീജനൽ കൂട്ടായ്മ**

2014 ജൂൺ 14 ശനിയാഴ്ച ആബാ കേന്ദ്രത്തിൽ തൃശൂർ, പാലക്കാട്, ഇരിങ്ങാലക്കുട എന്നീ രൂപതകളിലെ മരിയൻ സിംഗിൾ അംഗങ്ങൾ ഒത്തുകൂടി. എൻ.എസ്.ടി. ചെയർമാൻ റവ. ഫാ. ജോസ് അഞ്ചാനിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. വചനസന്ദേശം വി. ബലി, ആരാധന എന്നിവയ്ക്ക് രൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. ഷാജൻ തേർമഠവും അസി. ഡയറക്ടർ ഫാ. സജു വടക്കേത്തലയും നേതൃത്വം നൽകി. മരിയൻ സിംഗിൾസ് ഓൾ കേരള കോ-ഓഡിനേറ്റർ ആനി ചിറയത്തും, തൃശൂർ ടി.എസ്.ടി. കോ-ഓഡിനേറ്റർ എം. എ. ബാബുവും പങ്കെടുത്തു. വൈകീട്ട് 3 മണിക്ക് സമാപിച്ചു.

- **ഏകദിന ദൈവവചന ശുശ്രൂഷ**

തൃശ്ശൂർ ആബാകേന്ദ്രത്തിൽ 2014 ജൂൺമാസം 12-ാം തിയതി വ്യാഴാഴ്ച ഏകദിന ദൈവവചന ശുശ്രൂഷ നടന്നു. രാവിലെ 9.30ന് ജപമാലയോടെ ആരംഭിച്ചു. വചനം ബ്ര. തിമോത്തി ചേറൂർ പങ്കുവെച്ചു. ദിവ്യബലിക്ക് ഫാ. ഷാജൻ തേർമഠംവും അഭിഷേകാരാധനയ്ക്ക് ഫാ. സജു വടക്കേത്തലയും നേതൃത്വം നൽകി. പ്രാർത്ഥനയോടെ 3.30ന് സമാപിച്ചു.

- **ഏകദിന ദൈവവചന ശുശ്രൂഷ**

2014 ജൂൺ 26 വ്യാഴാഴ്ച ആബയിൽ ഏകദിന ദൈവവചനശുശ്രൂഷ 9.30ന് പ്രാർത്ഥനയോടെ ജപമാല ആരംഭിച്ചു. ദൈവവചനശുശ്രൂഷ ബ്ര. എം.എ. ബാബു (ടി.എസ്.ടി. കോ-ഓഡിനേറ്റർ) നിർവ്വഹിച്ചു. ദിവ്യബലി റവ. ഫാ. ഷാജൻ തേർമഠവും അഭിഷേക ആരാധന ഫാ. സജു വടക്കേത്തലയും നേതൃത്വം നൽകി. 3.30ന് പ്രാർത്ഥനയോടെ സമാപിച്ചു.

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **വി.വി. ജോസ്** | **എം.എ. ബാബു** |
| ഡയറക്ടർ | സെക്രട്ടറി | കോ-ഓർഡിനേറ്റർ |

## ലീജിയൻ ഓഫ് മേരി

- ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 664-ാമതും തൃശൂർ കൂരിയായുടെ 677-ാമതും സമ്മേളനം 2014 ജൂലൈ 13 ഞായറാഴ്ച പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽവെച്ച് പ്രാരംഭപ്രാർത്ഥനയോടും, ജപമാലയോടും കൂടി പ്രസിഡന്റ് ബ്ര.കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ബ്ര. പ്രസിഡന്റ് നടത്തിയ ജ്ഞാനവായനക്കുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും ട്രഷറർ ബ്ര. എ. ജെ. വിൻസെന്റ് മുൻ മാസ വരവ് ചിലവ് കണക്കും വായിച്ച് പാസ്സാ

ക്കി. ജോ. സെക്രട്ടറി സി. അൽഫോൻസ ജോർജ്ജ് ഹാജർ വിളിച്ചതിനുശേഷം ബ്ര. പ്രസിഡന്റ് ഏവരേയും സ്വാഗതമാശംസിച്ചു.

- ♦ വാടാനപ്പിള്ളി സെന്റ് സേവിയേഴ്സ് പള്ളിയിലെ പ്രസിദീയത്തിന്റെ പ്രാരംഭകാല മെമ്പറായി പ്രവർത്തിച്ച് വരുന്ന സി. എൽസിയുടെ നിര്യാണത്തിൽ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. മാത്യു ചാക്കേരി എല്ലാ കൂരിയ സൈനികരേയും പ്രാർത്ഥിക്കുന്നതിന് ഓർമ്മപ്പെടുത്തുകയും ശ്ലീഹാക്കാലത്തെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്തു.
- ♦ 2013–2014 വർഷത്തെ വാർഷിക വരവ് ചിലവ് കണക്ക് ട്രഷറർ ബ്ര. വിൻസെന്റ് എ. ജെ. അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.
- ♦ സൈനികജപശ്രൃഖലക്കുശേഷം അയ്യന്തോൾ, വാടാനപ്പിള്ളി, അരിമ്പൂർ പ്രസിദീയങ്ങളിലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.
- ♦ ആഗസ്റ്റ് മാസം കമ്മീസിയം തലത്തിൽ ഏകദിന ആരാധന നടത്തുന്നതിനും ഡിസംബറിൽ നടക്കുന്ന വാർഷിക റീ യൂണിയനോടനുബന്ധിച്ച് ക്വിസ്സ് തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തോടെ യോഗം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

**പി. സി. കുരിയപ്പൻ**
കമ്മീസിയം സെക്രട്ടറി

## അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് പാരിഷ് ബുള്ളറ്റിൻ മത്സരം - മാനദണ്ഡങ്ങൾ

അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ മൂല്യനിർണ്ണയത്തിന് ബാധകമായിരിക്കും: 2013 ജനുവരി മുതൽ പ്രസിദ്ധീകരിക്കപ്പെടുന്ന പാരിഷ് ബുള്ളറ്റിനുകളുടെ മത്സരത്തിലാണ് ഇവ ബാധകം.

**1. മികച്ച പാരിഷ്ബുള്ളറ്റിൻ**

1.1. പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കും ഇടവിട്ട് പ്രസിദ്ധീകരിക്കുന്നവയ്ക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കും.

1.2. ഈ മത്സരത്തിലെ മൂല്യനിർണ്ണയത്തിനു മാർക്കുവിഭജനം താഴെപ്പറയും വിധമായിരിക്കും: കവർ (15%), എഡിറ്റോറിയൽ (15%), ലേ ഔട്ട് (15%), ഉള്ളടക്കം (50%) ഇതര കാര്യങ്ങൾ (5%)

**2. മികച്ച കവർ, മികച്ച എഡിറ്റോറിയൽ, മികച്ച ലേ ഔട്ട്**

2.1 ഈ മത്സരങ്ങൾ പ്രതിമാസം പ്രസിദ്ധീകരിക്കുന്നവയ്ക്കുമാത്രമായിരിക്കും

2.2. മത്സരവർഷത്തിലെ 3 വ്യത്യസ്ത മാസങ്ങളിലെ ബുള്ളറ്റിനുകളായിരിക്കും പരിശോധനാവിധേയമാക്കുന്നത്. ഓരോ വിഭാഗത്തിലെയും മത്സരത്തിന് എതെല്ലാം മാസങ്ങളിലെ ബുള്ളറ്റിനുകളാണ് വിധേയമാക്കുന്നതെന്ന് ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് അറിയിക്കുന്നതല്ല.

**3. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ, ബാലപംക്തി**

3.1. ഓരോ വിഭാഗത്തിലും ഏറ്റവും മികച്ചതായി തെരഞ്ഞെടുക്കപ്പെടുന്നതിനുമാത്രം സമ്മാനം നല്കുന്നതാണ്.

3.2. പ്രതിമാസം പ്രസിദ്ധീകരിക്കുന്നതോ അല്ലാത്തതോ എന്ന വേർതിരിവ് ഈ വിഭാഗത്തിന് ഉണ്ടായിരിക്കില്ല.

3.3. ഓരോ പാരിഷ്ബുള്ളറ്റിനിൽനിന്നും ഓരോ വിഭാഗത്തിലേക്കും പരമാവധി രണ്ടു കൃതികൾവീതം മത്സരത്തിന് സമർപ്പിക്കാവുന്നതാണ്. (ഉദാ. കവിത - രണ്ടെണ്ണം, ലേഖനം - രണ്ടെണ്ണം എന്നിങ്ങനെ). എന്നാൽ ഒരു വ്യക്തിയുടെ ഒന്നിൽകൂടുതൽ കൃതികൾ ഒരു വിഭാഗത്തിൽ പരിഗണിക്കുകയില്ല. (ഉദാ. ലേഖനവിഭാഗത്തിൽ ഒരു വ്യക്തിയുടെ ഒരു ലേഖനം മാത്രമേ മത്സരത്തിനെടുക്കുകയുള്ളൂ).

**4. ഓരോവിഭാഗത്തിലുമുള്ള മത്സരത്തിന് പരിഗണക്കപ്പെടേണ്ട ബുള്ളറ്റിനുകളോ മത്സരയിനമോ വെവ്വേറെയായി തരംതിരിച്ച് രണ്ടുകോപ്പികൾ വീതം നല്കണം.**

4.1. മൂല്യനിർണ്ണയത്തിനുവേണ്ടിവരുന്ന സമയം വളരെ കൂടുതലാണ്. ആതുകൊണ്ട് മികച്ച പാരിഷ്ബുള്ളറ്റിൻ മത്സരത്തിന് സമർപ്പിക്കപ്പെടുന്ന കോപ്പികൾത്തന്നെ മറ്റു വിഭാഗങ്ങളുടെ മൂല്യനിർണ്ണയത്തിന് ഉപയോഗിക്കാനാവില്ല. അതുകൊണ്ട് ഓരോ വിഭാഗത്തിലും മത്സരത്തിനു സമർപ്പിക്കപ്പെടുന്നവ മാത്രമേ ആ വിഭാഗത്തിൽ പരിഗണിക്കപ്പെടുകയുള്ളൂ.

4.2. മികച്ച പാരിഷ്ബുള്ളറ്റിൻ മത്സരത്തിന് മത്സരവർഷത്തെ ബുള്ളറ്റിന്റെ ബൈൻഡ് ചെയ്ത രണ്ടുകോപ്പികൾ സമർപ്പിക്കണം.

4.3. മികച്ച കവർ, എഡിറ്റോറിയൽ, ലേ ഔട്ട് എന്നിവ നിർണ്ണയിക്കുന്നതിന് അതതുവിഭാഗങ്ങളിൽ ആവശ്യപ്പെടുന്ന മാസങ്ങളിലെ ബുള്ളറ്റിനുകൾമാത്രം രണ്ടുകോപ്പികൾ വീതം നൽകണം.

4.4. മികച്ച ലേഖനം, കഥ, കവിത, കാർട്ടൂൺ, ഫീച്ചർ, ബാലപംക്തി എന്നിവയ്ക്ക് പരിഗണിക്കപ്പെടേണ്ട കൃതികളടങ്ങുന്ന ബുള്ളറ്റിൻപേജുകൾ മാത്രം രണ്ടുകോപ്പികൾ വീതം നൽകണം.

4.5. മത്സരഫലം പ്രഖ്യാപിച്ചശേഷം ബുള്ളറ്റിനുകൾ തിരികെ ലഭിക്കുന്നതാണ്.

**മികച്ച കവർ**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2013 ഫെബ്രുവരി മാസത്തെ 2 ബുള്ളറ്റിനുകൾ നൽകേണ്ടതാണ്.

**മികച്ച എഡിറ്റോറിയൽ**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2013 മാർച്ച് മാസത്തെ 2 ബുള്ളറ്റിനുകൾ നൽകേണ്ടതാണ്.

**മികച്ച ലേ ഔട്ട്**

ഈ വിഭാഗത്തിലെ മത്സരത്തിനായി 2013 ഏപ്രിൽ മാസത്തെ 2 ബുള്ളറ്റിനുകൾ നൽകേണ്ടതാണ്.

മത്സരത്തിനുള്ള എല്ലാ ബുള്ളറ്റിനുകളും 2014 ആഗസ്റ്റ് മാസം 30ന് മുമ്പ്

**ഫാ. ജിയോ കടവി**
**ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്**
**ആർച്ച്ബിഷപ്പ് ഹൗസ്, തൃശ്ശൂർ - 680 005**

എന്ന വിലാസത്തിലോ അല്ലെങ്കിൽ ആർച്ച്ബിഷപ്പ് ഹൗസിൽ നേരിട്ടോ നൽകേണ്ടതാണ്.

**ജോർജ്ജ് ചിറമ്മൽ (9446424520)**
സെക്രട്ടറി

**ഫാ. ജിയോ കടവി (9387109575)**
ഡയറക്ടർ

## പാസ്റ്ററൽ കൗൺസിൽ യോഗം

16-ാം പാസ്റ്ററൽ കൗൺസിലിന്റെ

മൂന്നാം യോഗം

**2014 സെപ്തംബർ 13 ശനിയാഴ്ച**

**രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ**

**ഡി. ബി. സി. എൽ. സി** യിൽ വച്ചായിരിക്കും. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.



ഫാ. റാഫേൽ ആക്കാമറ്റത്തിൽ
ജനറൽ സെക്രട്ടറി



അഡ്വ. ബിജു കുണ്ടുകുളം
സെക്രട്ടറി

Registered
R.N.I. No. 27348/1975
KL/TCR/275/2012-2014
Licence No. KL/CR/TCR/WPP-13/2012 -14
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2014
Aug. 2014




Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005